കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.dowyd.ksad@kerala.gov.in

# കോട്ടത്തറ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

വയനാട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.(ഡബ്ള്യ.വൈ.ഡി)പി4-859/16

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട് ജില്ല

തീയതി: 22/12/2016

ഡെപ്യൂട്ടി ഡയറക്ടർ

വയനാട് ജില്ല.

പ്രസിഡന്റ് ( സെക്രട്ടറി മുഖേന )

കോട്ടത്തറ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :-കോട്ടത്തറ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടത്തറ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-1, 3-2 ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം .കെ.എസ്.എ.(ഡബ്ള്യൂ.വൈ.ഡി) പി4-859/16

തിയ്യതി:22/12/2016

വയനാട് ജില്ലയിലെ കോട്ടത്തറ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ കോട്ടത്തറ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 18.6.2015 മുതൽ 31.03.2016 തിയ്യതി വരെയുമുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയുംപരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 07 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ | ശ്രീ . ചക്രേശ്വര ആർ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 02.12.2016 മുതൽ<br>17.12.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി ഒ.കെ അഗസ്റ്റ്യൻ<br>ഓഡിറ്റ് ഓഫീസർ(ഹ .ഗ്രേ ) |
| | ശ്രീ കെ.വി ഡേവിഡ്<br>അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ഇന്ദു കെ നായർ<br>ഓഡിറ്റർ |

(ബി)

നിർവഹണ അധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ഉഷാചന്ദ്രൻ | 01.04.2015 മുതൽ<br>10.11.2015 വരെ |
| | ശ്രീമതി ലീലാമ്മ | 11.11.2015 മുതൽ |

| | | | |
|---|---|---|---|
| | ജോസഫ് | 31.03.2016 വരെ | |
| വൈസ് പ്രസിഡന്റ് | ശ്രീമതി ശാരദ മണിയൻ | 01.04.2015 മുതൽ 11.11.2015വരെ | |
| | ശ്രീ വി.എൻ ഉണ്ണികൃഷ്ണൻ | 11.11.2015 മുതൽ 31.03.2016 വരെ | |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (വികസന കാര്യം) | ശ്രീമതി മൈമൂന റസാഖ് | 01.04.2015 മുതൽ 10.11.2015 വരെ | |
| | ശ്രീമതി പ്രീത മനോജ് | 11.11.2015 മുതൽ 31.03.2016 വരെ | |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ(ക്ഷേമകാര്യം) | ശ്രീമതി ഹണി ജോസ് | 01.04.2015 മുതൽ 10.11.2015 വരെ | |
| | ശ്രീമതി. കെ.കെ സരോജിനി | 11.11.2015 മുതൽ 31.03.2016 വരെ | |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (ആരോഗ്യം വിദ്യഭാസം) | ശ്രീ ഇ.എഫ് ജോണി | 01.04.2015 മുതൽ 10.11.2015 വരെ | |
| | ശ്രീമതി ശോഭ ശ്രീധരൻ | 11.11.2015 മുതൽ 31.03.2016 വരെ | |
| സെക്രട്ടറി | ശ്രീ കെ . രാജീവൻ | 01.04.2015 മുതൽ 30.05.2015 വരെ | |
| | ശ്രീ ടി . ഡി ജോണി | 30.05.2015 മുതൽ 03.10.2015 വരെ | (സി) |
| | ശ്രീ ജോസ് കുമാർ | 04.10.2015 മുതൽ | |

| | | |
|---|---|---|
| | പി.എം | 18.01.2016വരെ |
| | ശ്രീ കെ.ജി സുകുമാരൻ | 18.01.2016 മുതൽ<br>07.02.2016 വരെ |
| | ശ്രീ ശ്രീജിത്ത് കരിങ്ങാളി | 08.02.2016 മുതൽ<br>31.03.2016 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ<br>(പി. എച്ച്. സി. കോട്ടത്തറ) | ഡോ .അജേഷ് പി.പി | 01.04.2015 മുതൽ<br>31.03.2016 വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി. സൈനബ സി | 01.04.2015 മുതൽ<br>31.03.2016 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ശ്രീ ജവാദ് | 01.04.2015 മുതൽ<br>31.03.2016 വരെ |
| വി ഇ ഒ (കോട്ടത്തറ സർക്കിൾ ) | ശ്രീമതിദേവകി .കെ.സി | 01.04.2015 മുതൽ<br>31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീമതി മറിയുമ്മ | 01.04.2015 മുതൽ<br>01.12.2015 വരെ |
| | ശ്രീ സായൂജ് വി | 01.12.2015 മുതൽ<br>18.12.2015 വരെ |
| | ശ്രീമതി ധന്യ | 18.12.2015 മുതൽ<br>31.03.2016 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ സുപ്രൻ പി എൻ | 07.06.2015മുതൽ<br>31.03.2016 വരെ |
| മെഡിക്കൽഓഫീസർ (ഹോമിയോ) | ഡോ. ബേബി സന്തോഷ് | 01.04.2015 മുതൽ<br>04.12.2015 വരെ |

| | | |
|---|---|---|
| | | |
| | ഡോ. ജറാൾഡ് ജയകുമാർ | 04.12.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽഓഫീസർ (ആയുർവേദം) | ഡോ . ലൂസി . ടികെ | 01.04.2015 മുതൽ 04.07.2015 വരെ |
| | ഡോ . ഉണ്ണികൃഷ്ണൻ | 04.07.2015 മുതൽ വരെ 31.03.2016 |
| ടി ഇ ഒ | ശ്രീമതി ശ്രീജ കുമാരി | 01.04.2015 മുതൽ 30.07.2015വരെ |
| | ശ്രീ പ്രദീപ് എൽ . പി | 30.07.2015 മുതൽ 31.03.2016 വരെ |
| അസി .എഞ്ചിനീയർ | ശ്രീ ബിനോയ് എം . പി | 01.04.2015 മുതൽ 08.06.2015 വരെ |
| | ശ്രീ. മുനവർ കെ | 08.06.2015 മുതൽ 31.03.2016 വരെ |

## ഉള്ളടക്കം

## ഭാഗം 1


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1(1) | |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) | |

| | | | |
|---|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1(4) | |
| 5 | ഫണ്ട് വിനിയോഗം | 1(5) | |
| 6 | പദ്ധതി അവലോകനം | 1(6) | |
| 7 | തനത് വരുമാനം | 1(7) | |
| 8 | ക്ഷേമപദ്ധതികൾ | 1(8) | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) | |

| ഭാഗം- II | | | |
|---|---|---|---|
| 1 | രസീതി ഉപയോഗത്തിലും സൂക്ഷിപ്പിലുമുള്ള അപാകതകൾ | 2(1) | |
| 2 | മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല | 2(2) | |
| 3 | തൊഴിൽ നികുതി - അപാകതകൾ | 2(3) | |
| 4 | ഡി &ഒ ലൈസൻസ് - സമയക്രമം പാലിക്കുന്നില്ല | 2(4) | |

| ഭാഗം- III | | | |
|---|---|---|---|
| 1 | കുറഞ്ഞ ടെണ്ടർ നിരക്ക് അംഗീക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് നഷ്ടം | 3(1) | |
| 2 | ഗുണഭോക്തൃ സമിതി ആവശ്യത്തിൽ അധികമായി വാങ്ങിയ സാധനങ്ങൾതിരിച്ചേൽപ്പിക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് നഷ്ടം | 3(2) | |
| 3 | എസ്റ്റിമേറ്റിൽ നിന്നും വ്യതിചലനം - എസ്റ്റിമേറ്റിൽ ഉള്ളതിലും അധികവീതിയിൽ കോൺക്രീറ്റ് ചെയ്ത് അംഗീകരിച്ചതിനാൽ ഗ്രാമപഞ്ചായത്തിന് നഷ്ടം. | 3(3) | |
| 4 | റോഡ് സംരക്ഷണ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു. | 3(4) | |
| 5 | വാർഷിക പദ്ധതി കണക്കുകൾ പൂർണ്ണമല്ല. | 3(5) | |
| 6 | മരുന്ന് വിതരണത്തിന് കാലതാമസം വരുന്നു. | 3(6) | |

| | | | |
|---|---|---|---|
| 7 | അങ്കണവാടിയിലെ പോഷകാഹാര വിതരണ പദ്ധതികൾ -കേന്ദ്ര വിഹിതം ലഭ്യമാക്കുന്നതിലെ കുറവ്- സംബന്ധിച്ച്. | 3(7) | |
| 8 | ജലനിധി വിഹിതം നല്കി -പദ്ധതി പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല. | 3(8) | |
| 9 | മീഡിയാശ്രീ-പഞ്ചായത്ത് വിഹിതം നല്കി-കൈപ്പറ്റിലെ അപാകത - സംബന്ധിച്ച്. | 3(9) | |
| 10 | സ്റ്റോക്ക് രജിസ്റ്റർ യഥവിധി സൂക്ഷിക്കാത്തത് - സംബന്ധിച്ച്. | 3(10) | |
| 11 | കോക്കുഴി നീർത്തട വികസന പദ്ധതി - മുൻകൂർ നല്കിയ വിഹിതം- പഞ്ചായത്തിന് നഷ്ടമാകുന്നത് - സംബന്ധിച്ച്. | 3(11) | |
| 12 | നെൽ കൃഷി പ്രോത്സാഹനം, നെല്ലുൽപ്പാദക ബോണസ്സ് - ധനസഹായം ഗുണ. അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തവിവരം ലഭ്യമല്ല | 3(12) | |
| 13 | വൃദ്ധജനങ്ങൾക്ക് തടിക്കട്ടിൽ വിതരണം- അപാകതകൾ | 3(13) | |
| 14 | ട്രഷറിയിൽ തിരിച്ചടച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല. | 3(14) | |
| | ഭാഗം- IV | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 4 | വായ്പ/വായ്പ തിരിച്ചവ് | 4-4 | |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 6 | ഓഡിറ്റ് റിക്കവറി | 4-6 | |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 9 | തീർപ്പാക്കൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 28.03.2015ലെ 315/2014-ാം തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ്

01.03.2016 ലെ 32/16-ാം തീരുമാനപ്രകാരവും അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്‍ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് 97996650 രൂപയും ചെലവ് 97627487 രൂപയും യഥാർത്ഥ വരവ് 59103066 രൂപയും, ചെലവ് 80444752 രൂപയുമാണ് .

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.16 | 29.07.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

1. വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ , കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല .
2. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് റൂൾസ് ചട്ടം 58 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.
3. സെക്രട്ടറി ധനകാര്യ വർഷത്തെ സ്റ്റോക്ക് സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.
4. ആസ്തി രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
5. വൗച്ചർ ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.
6. ജലനിധിയുടെ വിഹിതം 1129336/- രൂപ ജലനിധിയുടെ ഗ്രാമപഞ്ചായത്തിന്റെ അക്കൌണ്ടിലേക്ക് മാറ്റിയത് ചെലവായി രേഖപ്പെടുത്തിയിരിക്കുന്നു.
7. സാംഖ്യ അക്കൌണ്ടിൽ ഉൾപ്പെടാത്ത നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിലുള്ള ബാങ്ക് അക്കൌണ്ടുകളിൽ ചിലതിൽ തുക നീക്കിയിരിപ്പുണ്ട് ആയത് പഞ്ചായത്തിന്റെ വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല.
8. വാർഷിക കണക്കിനോടൊപ്പം അക്കൌണ്ടുകളിന്മേലുള്ള കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 31536909 |
| വരവ് | 59103066 |
| ആകെ | 90639975 |
| ചെലവ് | 80444752 |
| നീക്കിയിരിപ്പ് | 10195223 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3151489 | 15979651 | 19131140 | 9680899 | 7090543 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 47303 | 908303 | 955606 | 808303 | -47303 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 4043136 | 14458324 | 18501460 | 10434523 | -2102322 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 2669206 | 9080000 | 11749206 | 8467918 | - | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 898766 | 2320000 | 3218766 | 1990514 | - | 0 | 100 |

| | | | | | | | |
|---|---|---|---|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3947244 | 6206101 | 10153345 | 6080071 | -2575858 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 2365060 | 2365060 | 4730120 | 427300 | -2365060 | 0 | 100 |
| എം. എൻ . ആർ.ജി. എസ് | 86105 | 21609967 | 21696072 | 21671364 | - | 24708 | 99.88 |
| ബി ഫണ്ട് | - | 20866250 | 20866250 | 20866250 | - | - | 100 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 169 | 67397418 | 130 | 38076477 | 5 | 34 | 79.92% |

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 624616 രൂപ (30.66% ) കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1669723 | 1459658 | (-)210065 | (-)14.39 |
| നികുതിയേതര വരവുകൾ | 207946 | 125598 | (-)82348 | (-)65.56 |

| | | | | |
|---|---|---|---|---|
| മറ്റുവരവുകൾ<br>ലേലം<br>ടെണ്ടർ ഫോറം വില<br>ബാങ്ക് പലിശ | 142200<br>589320<br>52443 | 17050<br>405000<br>29710 | (-)125150<br>(-)184320<br>(-)22733 | |
| ആകെ | 2661632 | 2037016 | 624616 | (-)30.66 |

# 1-8 <u>ക്ഷേമപദ്ധതികൾ</u>

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 83 | 93720 |
| കർഷകതൊഴിലാളി പെൻഷൻ | 378 | 3506340 |
| വിധവാപെൻഷൻ | 627 | 7013440 |
| വാർദ്ധക്യകാലപെൻഷൻ | 896 | 8089920 |
| വികലാംഗപെൻഷൻ | 162 | 1701270 |
| അവിവാഹിത പെൻഷൻ | 7 | 68560 |

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനെമടുത്തവ | നിരസിച്ചവ | കാലതാമസ മുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 6 | 1 | 5 | - |
| 2 | തൊഴിൽ രഹിത വേതനം | 2 | 0 | 2 | - |
| 3 | വിധവാ പെൻഷൻ | 39 | 37 | 2 | - |

| | | | | | |
|---|---|---|---|---|---|
| 4 | വികലാംഗ പെൻഷൻ | 12 | 12 | - | - |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 0 | 0 | 0 | - |
| 6 | വാർദ്ധക്യകാല പെൻഷൻ | 199 | 175 | 24 | - |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.12.2016 രാവിലെ 10 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7000/- രൂപ (നാലായിരത്തി അഞ്ഞൂറ്റി മുപ്പത്തി എട്ട്) ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു .

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.11.2016 മുതൽ 24.11.2016 വരെ | 2016 ജൂലൈ മുതൽ സെപ്റ്റംബർ വരെ | 26.11.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.06.2013 മുതൽ 29.06.2013 വരെ | 2008-09 മുതൽ 2012-13 വരെ | 02.09.2013 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീതി ഉപയോഗത്തിലും സൂക്ഷിപ്പിലുമുള്ള അപാകതകൾ

പഞ്ചായത്തിൽ രസീതികളുടെ ഉപയോഗത്തിലും ,ബന്ധപ്പെട്ട രേഖകളുടെ സൂക്ഷിപ്പിലും കണ്ട അപാകതകൾ താഴെ കൊടുക്കുന്നു .

1. എല്ലാ രശീതി പുസ്തകങ്ങളും പിരിവിനായി വിതരണം ചെയ്യുന്നതിന് മുൻപ് സെക്രട്ടറി

പരിശോധിച്ച് അപാകതകളില്ലെന്ന് ഉറപ്പുവരുത്തി താളുകളുടെ എണ്ണം സാക്ഷ്യപ്പെടുത്തി നൽകുന്നില്ല. ഉദാ : 443921,44392 , 44400

2. റദ്ദാക്കുന്ന പല രശീതികളുടെയും അസ്സലും പകർപ്പും സെക്രട്ടറിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തുന്നില്ല. ഉദാ : 44392/24,92, 44397/55 ,44401/95,44408/85
3. സർക്കാർഉത്തരവ് നമ്പർ 48544/എബി.1/13 തസ്വഭവ തീയതി 22.04.14 പ്രകാരം സാംഖ്യ ഉപയോഗിച്ച് അക്കൗണ്ടിംഗ് സമ്പ്രദായം നടപ്പാക്കി വരുന്ന പഞ്ചായത്തുകളിൽ റദ്ദാക്കുന്ന രശീതികൾ , സ്റ്റേഷനറികൾ (ഉപയോഗശൂന്യമായവ അഥവാ കേടുപാടുകൾ പറ്റുന്നവ) മേലധികാരി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നില്ല . ഉദാ : 0677269/18.09.2015 , 0677417/12.10.2015
4. ക്യാൻസൽഡ് രസീറ്റ് റിപ്പോർട്ട് എന്നിവ അതാതു ദിവസം പ്രിന്റ് എടുത്ത് മേലാധികാരി കൃത്യത ഉറപ്പാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.ഇവയുടെ പ്രിന്റുകൾ എടുത്തു വയ്ക്കുകയോ ,സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല ..

മേൽ അപാകതകൾ കാണിച്ചുകൊണ്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയതിന്, അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട് . ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 2-2 മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല

പഞ്ചായത്ത് പരിധിയിലെ മൊബൈൽ ടവറുകളുടെ വസ്തു നികുതി സംബന്ധിച്ച് സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയതിൽ മൊബൈൽ ടവറുകളൊന്നും 2014-15,2015-16 വർഷങ്ങളിൽ വസ്തു നികുതി അടവാക്കിയിട്ടില്ല . വിശദാംശങ്ങൾ താഴെ കൊടുക്കുന്നു .

| ക്രമ നം | വാർഡ് നം/ ഡോർ നം | ടവർ | വാർഷിക ഡിമാന്റ് തുക | ലൈബ്രറി സെസ്സ് | കുടിശ്ശിക നികുതി / ലൈബ്രറി സെസ്സ് | |
|---|---|---|---|---|---|---|
| 1 | 4/31 | | 6120 | 306 | 12240 | 612 |
| 2 | 6/111 | എയർടെൽ | 10238 | 512 | 20476 | 1024 |
| 3 | 8/47 | വോഡഫോൺ എസ് .ആർ ലി. | 3629 | 182 | 7258 | 364 |

| | | | | | | |
|---|---|---|---|---|---|---|
| 4 | 8/270 | എയർടെൽ | 9240 | 462 | 18480 | 924 |
| 5 | 11/343 | | 28875 | 1444 | 57750 | 2888 |
| ആകെ | | | | | 116204 | 5812 |

പഞ്ചായത്തും മൊബൈൽ ടവർ കമ്പനികളും തമ്മിൽ ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ നികുതി ഈടാക്കിയിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. കേസ് തീർപ്പാകുന്ന മുറയ്ക്ക് വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

# 2-3 തൊഴിൽ നികുതി - അപാകതകൾ

2015-16 വർഷത്തിലെ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)വ്യാപാരികളിൽ നിന്നും റിട്ടേൺ ഇല്ലാതെ തൊഴിൽ നികുതി ഈടാക്കി 1996 ലെ കേ. പ. രാ (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 5, 6, 7, 10 എന്നിവ പ്രകാരം നോട്ടീസ് നൽകി VI ാം നം ഫോറത്തിൽ റിട്ടേൺ സ്വീകരിച്ച് അർദ്ധവാർഷിക വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. എന്നാൽ തൊഴിൽ നികുതി ഈടാക്കാവുന്ന വരുമാനം/ടേൺ ഓവർ കാണിക്കുന്ന റിട്ടേൺ സമർപ്പിക്കാൻ വ്യാപാരികൾക്ക് നോട്ടീസ് നൽകുകയോ പ്രസ്തുത വരുമാനമോ റിട്ടേണോ വ്യാപാരികൾ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. മേൽ ചട്ടം പ്രകാരം വരും വർഷങ്ങളിൽ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാവുന്ന വരുമാനം/ടേൺ ഓവർ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

2) സ്ഥാപന രജിസ്റ്റർ സൂക്ഷിക്കുന്നില്ല -കേരള പഞ്ചായത്ത് രാജ് ആക്ട് ,1994 ലെ വകുപ്പ് 205 ഇ പ്രകാരം സെക്രട്ടറി ഓരോ വർഷവും ഏപ്രിൽ മാസത്തിൽ നോട്ടീസ് മുഖേന ഓരോ ഓഫീസ് മേധവിയോടും , തൊഴീൽ നികുതി ഈടാക്കാൻ ബാധ്യസ്ഥരായ ആളോടും തന്റെ നിയന്ത്രണത്തിൻ കീഴിലുള്ള ഓഫീസുകളുടെയോ , സ്ഥാപനങ്ങളുടെയോ പേരുകളും മേൽവിലാസങ്ങളും നിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ നൽകുന്നതിന് ആവശ്യപ്പെടേണ്ടതും , ടി ലഭ്യമാകുന്ന വിവരങ്ങൾ കൈപറ്റിയാലുടൻ ആ ആവശ്യത്തിലേക്കായി സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ ഓഫീസുകളുടെയോ, സ്ഥാപനങ്ങളുടെയോ പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ ഇത്തരത്തിലുള്ള സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ചട്ടപ്രകാരമുള്ള സ്ഥാപന രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

3) 2015-16 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ താഴെ കൊടുക്കുന്ന സ്ഥാപനത്തിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനത്തിന്റെ പേര് | സേഥാപന നികുതി<br>അടയ്ക്കാനുള്ളഅർദ്ധവർഷം |
|---|---|

| | |
|---|---|
| കോട്ടത്തറ സർവീസ് സഹകരണ ബാങ്ക് ,കോട്ടത്തറ | 2015-16 രണ്ടാം അർദ്ധ വർഷം |
| കോട്ടത്തറ സർവീസ് സഹകരണ ബാങ്ക് ,വെണ്ണിയോട് | 2015-16 ഒന്ന് ,രണ്ട് അർദ്ധ വർഷം |

തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-4 ഡി &ഒ ലൈസൻസ് - സമയക്രമം പാലിക്കുന്നില്ല

പഞ്ചായത്തിലെ 2015-16 വർഷത്തെ ഡി &ഒ ലൈസൻസ് അപേക്ഷകൾ , രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ കൊടുക്കുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടു .

1) അപേക്ഷകൾ സമർപ്പിക്കുന്നതിൽ നിശ്ചിത സമയക്രമം പാലിക്കുന്നില്ല-1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 [1999 ലെ ഭേദഗതി കാണുക] പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും, ലൈസൻസിലെ നിബന്ധനകൾ പാലിക്കാതെയും പഞ്ചായത്ത് പ്രദേശത്ത് ഏതൊരു സ്ഥാപനവും പ്രവർത്തിക്കാൻ പാടുള്ളതല്ല. 1996 ലെ കേരള പഞ്ചായത്ത് രാജ് [ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ] ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകൾ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസത്തിന് മുമ്പായും പുതിയതായി തുടങ്ങുന്നതിനുള്ള അപേക്ഷകൾ പ്രസ്തുത സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് മുപ്പത് ദിവസങ്ങൾക്ക് മുമ്പായും സമർപ്പിക്കേണ്ടതാണ്. ഇത് പ്രകാരം 2015-16 വർഷത്തേക്ക് ഡി & ഒ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകൾ 2015 മാർച്ച് ഒന്നാം തിയ്യതിക്കകം സമർപ്പിക്കേണ്ടതായിരുന്നു. 2015-16 സാമ്പത്തിക വർഷത്തിൽ ലൈസൻസ് പുതുക്കുന്നതിന് ആകെ ലഭിച്ച 177 അപേക്ഷകളിൽ 8 എണ്ണം മാത്രമാണ് നിശ്ചിത സമയക്രമം പാലിച്ചിട്ടുള്ളത് .

2) ജി.ഒ(ആർ ടി) 795/2007/ത.സ്വ.ഭ.വ തീയതി 16.03.2007 പ്രകാരം 30 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ നിരോധിച്ചുകൊണ്ടുള്ള മലിനീകരണ നിയന്ത്രണ ബോർഡിന്റെ വിജ്ഞാപനം പാലിക്കുമെന്ന് അണ്ടർടേക്കിംഗ് നൽകുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഡി &ഒ ലൈസൻസ് അനുവദിക്കാവൂ. എന്നാൽ 2015-16 ൽ ലൈസൻസ് നൽകിയ ഒരു സ്ഥാപനവും ഇത്തരത്തിലുള്ള അണ്ടർടേക്കിംഗ് നൽകിയിട്ടില്ല .

അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ് .

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കുറഞ്ഞ ടെണ്ടർ നിരക്ക് അംഗീക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് നഷ്ടം

അസി. എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടുകളുടെ ടെണ്ടറിൽ ലേബർ കോൺട്രക്ട് സൊസൈറ്റികൾക്ക് ടെണ്ടർ നിരക്കിൽ ഇളവ് അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഗ്രാമപഞ്ചായത്തിന് ഉണ്ടായ നഷ്ടത്തിൻെറ വിവരം.

| I) | |
|---|---|
| പ്രോജക്ട് നം. | എസ്0037/16 |
| പ്രോജക്ടിന്റെ പേര് | വണ്ടിയാമ്പറ്റ അയ്യോത്ത്കാവ് അമ്പലം റോഡ് അഭിവൃത്തിപ്പെടുത്തൽ |
| സാങ്കേതിക അനുമതി നമ്പർ | 171/15-16, 10.07.2015 |
| അടങ്കൽ | 500000/- രൂപ, (ലോക ബാങ്ക് ഫണ്ട്) |
| ചെലവ് | 427300/- രൂപ ട്രഷറി ബിൽ നം. 98/15-16, 31.03.2016 |
| അളവ് പുസ്തകം | 75/15-16 (പേജുകൾ 01-13) |
| പ്രവൃത്തി മൂല്യം | 483371.8/-രൂപ |
| കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തകരാറുകാരന്റെ പേരും ക്വോട്ട് ചെയ്ത ശതമാനവും | ശ്രീ. മുഹമ്മദ് നിസാർ, 20.60% കുറവ് |
| ടെണ്ടർ നിരക്കിൽ ഇളവ് ലഭിച്ച് ലേബർ കോൺട്രക്ട് സൊസൈറ്റിയുടെ പേരും ക്വോട്ട് ചെയ്ത ശതമാനവും | കൽപ്പറ്റ ലേബർ കോൺട്രക്ട് സൊസൈറ്റി, 11.60% കുറവ് |
| കരാർ നമ്പർ | 35/15-16, 10.12.2015 |
| 11.60% ടെണ്ടർ നിരക്കിൽ കുറവ് | 427300 |

| | |
|---|---|
| പ്രകാരമുള്ള തുക (483371.8 - 56071.13) | |
| 20.60% ടെണ്ടർ നിരക്കിൽ കുറവ് പ്രകാരമുള്ള തുക (483371.8 - 97447.75) | 385924 |
| ഗ്രാമപഞ്ചായത്തിന് ഉണ്ടായ നഷ്ടം (427300 - 385924) | 41376 /-രൂപ |

II)

| | |
|---|---|
| പ്രോജക്ട് നം. | എസ്0075/16 |
| പ്രോജക്ടിന്റെ പേര് | കുഴിവയൽ - മാവുകണ്ടി റോഡ് മെറ്റലിംഗ് ടാറിംഗ് |
| സാങ്കേതിക അനുമതി നമ്പർ | 485/15-16, 23.07.2015 |
| അടങ്കൽ | 422000/- രൂപ, (സംരക്ഷണ ഗ്രാന്റ് റോഡ്) |
| ചെലവ് | 404998/-രൂപ ട്രഷറി ബിൽ നം. 64/15-16, 19.03.2016 |
| അളവ് പുസ്തകം | 35/15-16 (പേജുകൾ 01-25) |
| പ്രവൃത്തി മൂല്യം | 421872.59/- രൂപ |
| കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരന്റെ പേരും ക്വോട്ട് ചെയ്ത ശതമാനവും | ശ്രീ. പ്രകാശ് ജോസ്, 8.10% കുറവ് |
| ടെണ്ടർ നിരക്കിൽ ഇളവ് ലഭിച്ച് ലേബർ കോൺട്രാക്ട് സൊസൈറ്റിയുടെ പേരും ക്വോട്ട് ചെയ്ത ശതമാനവും | വെങ്ങപ്പള്ളി ലേബർ കോൺട്രാക്ട് സൊസൈറ്റി, 4% കുറവ് |

| | |
|---|---|
| കരാർ നമ്പർ | 32/15-16, 23.11.2015 |
| 4% ടെണ്ടർ നിരക്കിൽ കുറവ് പ്രകാരമുള്ള തുക (421872.59 - 16874.9) | 404998 |
| 8.10% ടെണ്ടർ നിരക്കിൽ കുറവ് പ്രകാരമുള്ള തുക (421872.59 - 34171.70) | 387701 |
| ഗ്രാമപഞ്ചായത്തിന് ഉണ്ടായ നഷ്ടം ( 404998 - 387701) | 17297/-രൂപ |

| | |
|---|---|
| III) | |
| പ്രോജക്ട് നം. | എസ്0052/16 |
| പ്രോജക്ടിന്റെ പേര് | നടുകുനി ഈരംകൊല്ലി റോഡ് ടാറിംഗ് ഒഴവഞ്ചേരി ഭാഗം |
| സാങ്കേതിക അനുമതി നമ്പർ | 291/15-16, 13.07.2015 |
| അടങ്കൽ | 400000/- രൂപ, (സംരക്ഷണ ഗ്രാന്റ് റോഡ്) |
| ചെലവ് | 380000/-രൂപ ട്രഷറി ബിൽ നം. 99/15-16, 31.03.2016 |
| അളവ് പുസ്തകം | 81/15-16 (പേജുകൾ 01-21) |
| പ്രവൃത്തി മൂല്യം | 400000/- രൂപ |
| കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരന്റെ പേരും ക്വോട്ട് ചെയ്ത ശതമാനവും | ശ്രീ. ഒ.കെ ഷാജു, 5.90% കുറവ് |
| ടെണ്ടർ നിരക്കിൽ ഇളവ് ലഭിച്ച് ലേബർ കോൺട്രക്ട് സൊസൈറ്റിയുടെ പേരും ക്വോട്ട് ചെയ്ത ശതമാനവും | കൽപ്പറ്റ ലേബർ കോൺട്രക്ട് സൊസൈറ്റി, 5% കുറവ് |

| | |
|---|---|
| | |
| കരാർ നമ്പർ | 30/15-16, 23.11.2015 |
| 5% ടെണ്ടർ നിരക്കിൽ കുറവ് പ്രകാരമുള്ള തുക (400000 - 20000) | 380000 |
| 5.90% ടെണ്ടർ നിരക്കിൽ കുറവ് പ്രകാരമുള്ള തുക (400000 - 23600) | 376400 |
| ഗ്രാമപഞ്ചായത്തിന് ഉണ്ടായ നഷ്ടം ( 380000 - 376400) | 3600/-രൂപ |

| | |
|---|---|
| IV) | |
| പ്രോജക്ട് നം. | എസ്0076/16 |
| പ്രോജക്ടിന്റെ പേര് | അച്ചിലംകുന്ന് നടപ്പത കോൺക്രീറ്റ് |
| സാങ്കേതിക അനുമതി നമ്പർ | 487/15-16, 23.07.2015 |
| അടങ്കൽ | 100000/- രൂപ, (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| ചെലവ് | 91893/-രൂപ ട്രഷറി ബിൽ നം. 61/15-16, 19.03.2016 |
| അളവ് പുസ്തകം | 41/15-16 (പേജുകൾ 01-07) |
| പ്രവൃത്തി മൂല്യം | 99991.91/- രൂപ |
| കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരന്റെ പേരും ക്വോട്ട് ചെയ്ത ശതമാനവും | ശ്രീ. ഇസ്മായിൽ ടി., 14.60% കുറവ് |
| ടെണ്ടർ നിരക്കിൽ ഇളവ് ലഭിച്ച് ലേബർ കോൺട്രാക്ട് സൊസൈറ്റിയുടെ പേരും ക്വോട്ട് ചെയ്ത ശതമാനവും | പ്രിയദർശിനി ലേബർ കോൺട്രാക്ട് സൊസൈറ്റി, 8.10% കുറവ് |

| | |
|---|---|
| കരാർ നമ്പർ | 33/15-16, 10.12.2015 |
| 8.10% ടെണ്ടർ നിരക്കിൽ കുറവ് പ്രകാരമുള്ള തുക (99991.91 - 8099.34) | 91893 |
| 14.60% ടെണ്ടർ നിരക്കിൽ കുറവ് പ്രകാരമുള്ള തുക ( 99991.91 - 14598.82) | 85393 |
| ഗ്രാമപഞ്ചായത്തിന് ഉണ്ടായ നഷ്ടം ( 91893 - 85393) | 6500/-രൂപ |

| V) | |
|---|---|
| പ്രോജക്ട് നം. | എസ്0105/16 |
| പ്രോജക്ടിന്റെ പേര് | ചൂരിമൂല കോളനി നടപ്പാത കോൺക്രീറ്റ് |
| സാങ്കേതിക അനുമതി നമ്പർ | 574/15-16, 30.07.2015 |
| അടങ്കൽ | 100000/- രൂപ, (വികസന ഫണ്ട് - ടി.എസ്.പി.) |
| ചെലവ് | 90125/-രൂപ ട്രഷറി ബിൽ നം. 62/15-16, 19.03.2016 |
| അളവ് പുസ്തകം | 40/15-16 (പേജുകൾ 01-07) |
| പ്രവൃത്തി മൂല്യം | 96898.30/- രൂപ |
| കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരന്റെ പേരും ക്വോട്ട് ചെയ്ത ശതമാനവും | ശ്രീ. ഇസ്മായിൽ ടി., 15.60% കുറവ് |
| ടെണ്ടർ നിരക്കിൽ ഇളവ് ലഭിച്ച് ലേബർ കോൺട്രാക്ട് സൊസൈറ്റിയുടെ പേരും ക്വോട്ട് | പ്രിയദർശിനി ലേബർ കോൺട്രാക്ട് സൊസൈറ്റി, |

| | |
|---|---|
| ചെയ്ത ശതമാനവും | 6.99% കുറവ് |
| കരാർ നമ്പർ | 34/15-16, 10.12.2015 |
| 6.99% ടെണ്ടർ നിരക്കിൽ കുറവ് പ്രകാരമുള്ള തുക (96898.30 - 6773.19) | 90125 |
| 15.60% ടെണ്ടർ നിരക്കിൽ കുറവ് പ്രകാരമുള്ള തുക (96898.30 - 15116.13) | 81782 |
| ഗ്രാമപഞ്ചായത്തിന് ഉണ്ടായ നഷ്ടം (90125-81782) | 8343/-രൂപ |

| | |
|---|---|
| VI) | |
| പ്രോജക്ട് നം. | എസ്0147/16 |
| പ്രോജക്ടിന്റെ പേര് | പൂളകൊല്ലി വണ്ടിയാമ്പറ്റ റോഡ് കോൺക്രീറ്റ് |
| സാങ്കേതിക അനുമതി നമ്പർ | 700/15-16, 30.07.2015 |
| അടങ്കൽ | 630000/- രൂപ, (സംരക്ഷണ ഗ്രാന്റ് റോഡ്) |
| ചെലവ് | 534100/-രൂപ ട്രഷറി ബിൽ നം. 97/15-16, 31.03.2016 |
| അളവ് പുസ്തകം | 55/15-16 (പേജുകൾ 01-11) |
| പ്രവൃത്തി മൂല്യം | 629093.44/- രൂപ |
| കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരന്റെ പേരും ക്വോട്ട് ചെയ്ത ശതമാനവും | ശ്രീ. ഒ.കെ ഷാജു, 25% കുറവ് |
| ടെണ്ടർ നിരക്കിൽ ഇളവ് ലഭിച്ച് ലേബർ കോൺട്രക്ട് സൊസൈറ്റിയുടെ പേരും ക്വോട്ട് ചെയ്ത ശതമാനവും | കൽപ്പറ്റ ലേബർ കോൺട്രക്ട് സൊസൈറ്റി, 15.10% കുറവ് |
| കരാർ നമ്പർ | 85/15-16, 04.03.2016 |

| | |
|---|---|
| 15.10% ടെണ്ടർ നിരക്കിൽ കുറവ് പ്രകാരമുള്ള തുക (629093.44 -94993.11) | 534100 |
| 25% ടെണ്ടർ നിരക്കിൽ കുറവ് പ്രകാരമുള്ള തുക (629093.44 - 157273.36) | 471820 |
| ഗ്രാമപഞ്ചായത്തിന് ഉണ്ടായ നഷ്ടം (534100-471820) | 62280/-രൂപ |

| VII) | |
|---|---|
| പ്രോജക്ട് നം. | എസ്0096/16 |
| പ്രോജക്ടിന്റെ പേര് | കൊല്ലിമൂടി ഈരംകൊല്ലി നടപ്പാത കോൺക്രീറ്റ് |
| സാങ്കേതിക അനുമതി നമ്പർ | 570/15-16, 30.07.2015 |
| അടങ്കൽ | 351000/- രൂപ, (വികസന ഫണ്ട് - ടി.എസ്.പി.) |
| ചെലവ് | 296251/-രൂപ ട്രഷറി ബിൽ നം. 93/15-16, 31.03.2016 |
| അളവ് പുസ്തകം | 76/15-16 (പേജുകൾ 01-10) |
| പ്രവൃത്തി മൂല്യം | 348530.96/- രൂപ |
| കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരന്റെ പേരും ക്വോട്ട് ചെയ്ത ശതമാനവും | ശ്രീ. ജഷീർ പി.കെ., 22.10% കുറവ് |
| ടെണ്ടർ നിരക്കിൽ ഇളവ് ലഭിച്ച് ലേബർ കോൺട്രക്ട് സൊസൈറ്റിയുടെ പേരും ക്വോട്ട് ചെയ്ത ശതമാനവും | വെങ്ങപ്പള്ളി ലേബർ കോൺട്രക്ട് സൊസൈറ്റി, 15% കുറവ് |

| | |
|---|---|
| കരാർ നമ്പർ | 63/15-16, 29.01.2016 |
| 15% ടെണ്ടർ നിരക്കിൽ കുറവ് പ്രകാരമുള്ള തുക (348530.96 - 52279.64) | 296251 |
| 22.10% ടെണ്ടർ നിരക്കിൽ കുറവ് പ്രകാരമുള്ള തുക (348530.96 - 77025.34) | 271506 |
| ഗ്രാമപഞ്ചായത്തിന് ഉണ്ടായ നഷ്ടം (296251- 271506) | 24745/-രൂപ |

| | |
|---|---|
| VIII) | |
| പ്രോജക്ട് നം. | എസ്0013/16 |
| പ്രോജക്ടിന്റെ പേര് | വെണ്ണിയോട് കുറുമ്പാലകോട്ട റോഡ് റീടാറിംഗ് |
| സാങ്കേതിക അനുമതി നമ്പർ | 298/15-16, 13.07.2015 |
| അടങ്കൽ | 300000/- രൂപ, (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| ചെലവ് | 281409/-രൂപ ട്രഷറി ബിൽ നം. 63/15-16, 19.03.2016 |
| അളവ് പുസ്തകം | 36/15-16 (പേജുകൾ 01-15) |
| പ്രവൃത്തി മൂല്യം | 293133.93/- രൂപ |
| കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരന്റെ പേരും ക്വോട്ട് ചെയ്ത ശതമാനവും | ശ്രീ. പ്രകാശ് ജോസ്, 5.10% കുറവ് |

| | |
|---|---|
| ടെണ്ടർ നിരക്കിൽ ഇളവ് ലഭിച്ച് ലേബർ കോൺട്രക്ട് സൊസൈറ്റിയുടെ പേരും ക്വോട്ട് ചെയ്ത ശതമാനവും | വെങ്ങപ്പള്ളി ലേബർ കോൺട്രക്ട് സൊസൈറ്റി, 4% കുറവ് |
| കരാർ നമ്പർ | 31/15-16, 23.11.2015 |
| 4% ടെണ്ടർ നിരക്കിൽ കുറവ് പ്രകാരമുള്ള തുക (293133.93 - 11725.36) | 281409 |
| 5.10% ടെണ്ടർ നിരക്കിൽ കുറവ് പ്രകാരമുള്ള തുക (293133.93 - 14944.73) | 278189 |
| ഗ്രാമപഞ്ചായത്തിന് ഉണ്ടായ നഷ്ടം (281409 - 278189) | 3220/-രൂപ |

(ടെണ്ടർ രജിസ്റ്ററിൽ അംഗീകരിച്ച ടെണ്ടർ നിരക്ക് അസി. എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.)

13.11.1997 ലെ ജി.ഒ.(എം.എസ്)135/97/സഹ: പ്രകാരം സ്വകാര്യ കോൺട്രക്ടർമാർ സമർപ്പിക്കുന്ന ഏറ്റവും കുറഞ്ഞ ക്വോട്ടേഷനേക്കാൾ 10% അധികം നൽകി ലേബർ കോൺട്രക്ട് സൊസൈറ്റികൾക്ക് സർക്കാർ പ്രവൃത്തികൾ ഏൽപ്പിച്ച കൊടുക്കാവുന്നതാണെന്നത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പ്രവൃത്തികൾക്ക് ബാധകമല്ല എന്ന് 04.08.2003 - ലെ സർക്കുലർ നം. 34947/ഡി.പി. 1/03/ത.സ്വ.ഭ.വ പ്രകാരം സ്പഷ്ടീകരണം നൽകിയിട്ടുള്ളതാണ്. ലേബർ കോൺട്രക്ട് സൊസൈറ്റികളുടെ കൂടിയ നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചതിന് വിശദീകരണം (രേഖകൾ സഹിതം) ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന്( 07/15-16, തീയ്യതി 14/12/2016) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന് ഉണ്ടായ ആകെ നഷ്ടം 167361/-രൂപ (41376 + 17297 + 3600 + 6500 + 8343 + 62280 + 24745 + 3220) ഉത്തരവാദിയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-2 ഗുണഭോക്തൃ സമിതി ആവശ്യത്തിൽ അധികമായി വാങ്ങിയ സാധനങ്ങൾ തിരിച്ചേൽപ്പിക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് നഷ്ടം

ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടുകൾക്ക് വേണ്ടി ആവശ്യത്തിൽ അധികമായി വാങ്ങിയ സാധനങ്ങൾ ഗ്രാമപഞ്ചായത്തിൽ ഏൽപ്പിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

I)

| |
|---|
| പ്രോജക്ടിന്റെ വിശദാംശങ്ങൾ |

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്0026/16 |
| പ്രോജക്ടിന്റെ പേര് | കേഴവയൽ ഏച്ചോം റോഡ് ടാറിംഗ് |
| അടങ്കൽ | 500000/- രൂപ, (സംരക്ഷണ ഗ്രാന്റ് റോഡ്) |
| ചെലവ് | 470813/- രൂപ (ട്രഷറി ബിൽ നം. 74/15-16/30.03.2016) |
| സാങ്കേതിക അനുമതി നമ്പർ | 299/15-16, 13.07.2015 |
| അളവ് പുസ്തകം | 62/15-16 (പേജുകൾ 01-17) |
| കൺവീനർ | ശ്രീ. പ്രദീപൻ കെ.ആർ. |
| കരാർ നമ്പർ | 61/2015-16 , 16.01.2016 |
| പ്രവൃത്തി മൂല്യം | 444163 |

അളവ് പുസ്തകം പ്രകാരം 322.2 മീറ്റർ നീളത്തിലും 3 മീറ്റർ വീതിയിലും റോഡ് ടാറിംഗ് പ്രവൃത്തിയാണ് ചെയ്തിട്ടുള്ളത്. ഇതിനായി ആകെ 3374.54 കി. ഗ്രാം ടാറാണ് ആവശ്യമായിരുന്നത്. ആവശ്യമായിരുന്ന ടാറിന്റെ വിശദാംശം (അളവ് പുസ്തകം പേജ് നമ്പർ 17 ) താഴെ കൊടുക്കുന്നു.

| എസ്റ്റിമേറ്റിലെ ഐറ്റം നമ്പർ | ഇനം / ടാറിന്റെ ആഢിക്വസി | ചെയ്ത അളവ് | ആവശ്യമായ ടാറ് |
|---|---|---|---|
| 3 | ബിറ്റുമെൻ ലെവലിംഗ് കോഴ്സ് / 20 kg/m3 | 16.03 m3 | 320.60 (16.03 X 20) |
| 4 | ടാക്ക് കോട്ട് / .50 kg/m2 | 999.04 m2 | 499.52 (999.04 X .50) |
| 5 | 2 സെ.മീ. പ്രീമിക്സ് കാർപ്പറ്റ് / 1.44 kg/m2 | 1094m2 | 1575.36 (1094 X 1.44) |
| 6 | സീൽ കോട്ട് / .98 kg/m2 | 999.04 m2 | 979.06 (999.04 X .98) |
| | ആകെ | | 3374.54 |

എന്നാൽ ഈ പ്രോജക്ടിന് വേണ്ടി 4045 കി. ഗ്രാം ടാറാണ് ഗുണഭോക്തൃ സമിതി സിഡ്കോയിൽ നിന്നും 22.02.2016 ലെ ഇൻവോയ്സ് നമ്പർ 14797 പ്രകാരം 134471/- രൂപ ചെലവിൽ വാങ്ങിയിട്ടുള്ളത് (161.8കി. ഗ്രാം വീതമുള്ള 25 ബാരൽ). അധികമായി വാങ്ങിയ 4 ബാരൽ (4045 - 3374.54 = 670.46, 670.46 /161.8 =4.14 ) ടാർ ഗ്രാമപഞ്ചായത്തിൽ ഏൽപ്പിച്ചിട്ടില്ല. ഇതിന് പുറമേ പ്രവൃത്തിക്ക് ഉപയോഗിച്ച ടാറിന്റെ കാലി ബാരൽ ഗ്രാമപഞ്ചായത്തിൽ ഏൽപ്പിച്ചിട്ടില്ല. ആയതിനാൽ താഴെ പറയുന്ന പ്രകാരം തുകകൾ ഉത്തരവാദിയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

| | | |
|---|---|---|
| എ) | തിരിച്ച് ഏൽപ്പിക്കാത്തത് 4 ബാരൽ ടാറിന്റെ വില (ഒരുബാരൽ ടാറിന് 5378.84രൂപ നിരക്കിൽ ) | 21515/-രൂപ |
| ബി) | 21കാലി ബാരലുകളുടെ വില (238/- രൂപ നിരക്കിൽ) | 4998/-രൂപ |
| സി) | 21കാലി ബാരലുകളുടെ വാറ്റ് (14.5% നിരക്കിൽ) | 725/-രൂപ |

II)

| പ്രോജക്ടിന്റെ വിശദാംശങ്ങൾ | |
|---|---|
| പ്രോജക്ട് നമ്പർ | എസ്0102/16 |
| പ്രോജക്ടിന്റെ പേര് | ചൂരമൂല കോളനി റോഡ് കോൺക്രീറ്റ് |
| അടങ്കൽ | 351000/- രൂപ, (വികസന ഫണ്ട്(ടി.എസ്.പി.)) |
| ചെലവ് | 347901/- രൂപ (ട്രഷറി ബിൽ നം. 29/15-16/30.01.2016) |
| സാങ്കേതിക അനുമതി നമ്പർ | 566/15-16, 30.07.2015 |
| അളവ് പുസ്തകം | 16/15-16 (പേജുകൾ 01-10) |
| കൺവീനർ | ശ്രീ. ബാലകൃഷ്ണൻ |
| കരാർ നമ്പർ | 14/2015-16, 15.09.2015 |
| പ്രവ്യത്തി മൂല്യം | 328209/- |

അളവ് പുസ്തകം പ്രകാരം 119 മീറ്റർ നീളത്തിലും 2.80 മീറ്റർ വീതിയിലും റോഡ് കോൺക്രീറ്റ് പ്രവൃത്തിയാണ് ചെയ്തിട്ടുള്ളത്. ഇതിനായി ആകെ 13661.2 കി. ഗ്രാം സിമന്റാണ് ആവശ്യമായിരുന്നത്. ആയതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| എസ്റ്റിമേറ്റിലെ ഐറ്റം നമ്പർ | ഇനം / സിമന്റിന്റെ ആഡ്വകസി | ചെയ്ത അളവ് | ആവശ്യമായ സിമന്റ് |
|---|---|---|---|
| 2 | 40mm കല്ല് ഉപയോഗിച്ച്<br>1:4:8 സിമന്റ് കോൺക്രീറ്റ് , 170 kg/m3 | 33.32 m3 | 5664.4 (33.32 X 170) |
| 3 | 20mm കല്ല് ഉപയോഗിച്ച് 1:2:4 സിമന്റ് കോൺക്രീറ്റ് , 320 kg/m3 | 24.99m3 | 7996.8 (24.99 X 320) |
| | ആകെ | | 13661.2 |

എന്നാൽ ഈ പ്രോജക്ടിന് വേണ്ടി ഗുണഭോക്തൃ സമിതി എവർ ഫൈൻ ഹാർഡ് വെയർ & ഇലക്ട്രിക്കൽസ്, പടിഞ്ഞാറത്തറ എന്ന സ്ഥാപനത്തിലിൽ നിന്നും 116164/-രൂപ ചെലവിൽ

22.11.2015 ലെ ഇൻവോയ്സ് നമ്പർ 1850 പ്രകാരം 6900 കി. ഗ്രാമും (138 ബാഗ്സ്) 04.11.2015 ലെ ഇൻവോയ്സ് നമ്പർ 1788 പ്രകാരം 7600 കി. ഗ്രാമും (152 ബാഗ്സ്) അടക്കം ആകെ 14500 കി. ഗ്രാം സിമന്റാണ് വാങ്ങിയിട്ടുള്ളത്. അധികമായി വാങ്ങിയ 838.8 കി. ഗ്രാം ( 14500 - 13661.2 = 838.8) സിമന്റ് ഗ്രാമപഞ്ചായത്തിൽ ഏൽപ്പിച്ചിട്ടില്ല.

ഗുണഭോക്തൃസമിതി മുഖാന്തിരം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പ്രോജക്ടുകളുടെ ഒരു ഫയലിലും കരിങ്കല്ല്, മണൽ, മെറ്റൽ തുടങ്ങിയ സാധനങ്ങൾ വാങ്ങിയതിന്റെ മൂല്യവർദ്ധിത നികുതി ചട്ടങ്ങൾ പ്രകാരമുള്ള ബില്ലില്ല. കൈപ്പറ്റ് രശീത് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ഇതിൽ വാങ്ങിയ സാധനങ്ങളുടെ അളവ് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ (ലോഡ് കണക്കിലാണ് പറഞ്ഞിരിക്കുന്നത്) മേൽ പറഞ്ഞ സാധനങ്ങൾ വാങ്ങിയ അളവിൽ കൂടുതലോ കുറവോ ഉണ്ടോ എന്ന് പരിശോധിച്ച് ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ടോ എന്ന് തിട്ടപ്പെടുത്താൻ സാധിച്ചിട്ടില്ല. ഇതിന് പുറമേ നിയമ പ്രകാരമുള്ള ബില്ലില്ലാതെ വാങ്ങൽ നടത്തിയതിനാൽ സർക്കാറിന് മൂല്യവർദ്ധിത നികുതി ഇനത്തിൽ വൻ നഷ്ടത്തിന് ഇടയായിട്ടും ഉണ്ട്.

അധികമായി വാങ്ങിയ 838.8 കി. ഗ്രാം സിമന്റിന്റെ വിലയായ 6720/-രൂപ [(116164/14500) X 838.8] ഉത്തരവാദിയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

III) ഗ്രാമപഞ്ചായത്ത് ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ പ്രോജക്ടുകളിലെ മറ്റ് പൊതുവായ അപാകതകൾ താഴെ പറയുന്നു.

1. ആഴ്ചയിൽ ഒരിക്കൽ യോഗം ചേർന്നതായി മിനുട്ട്സ് ബുക്ക് പരിശോധിച്ചതിൽ കാണുന്നില്ല. ബാങ്കിൽ നിന്ന് എത്ര രൂപ പിൻവലിക്കണം, സാധനങ്ങൾ ഏത് നിരക്കിൽ എവിടെ നിന്ന് വാങ്ങണം, എത്ര തൊഴിലാളികളെ നിയോഗിക്കണം തുടങ്ങിയ കാര്യങ്ങൾ തീരുമാനിച്ചതായി മിനുട്ട്സിൽ രേഖപ്പെടുത്തലുകൾ ഇല്ല.

2. മസ്റ്റർറോളികളിൽ തൊഴിലാളികൾ ഒപ്പിനോടൊപ്പം തീയതി രേഖപ്പെടുത്തിയിട്ടില്ല. മസ്റ്റർറോളിൽ തൊഴിലാളികൾ തീയതിവെച്ച് ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്. തീയതിവെച്ച് ഒപ്പിടാത്ത മസ്റ്റർറോളുകൾ അസാധുവാണ്. തൊഴിലാളികൾക്ക് വേതനം നൽകിയതിന്റെ കൈപ്പറ്റ് രശീതിയില്ല.

3. മാർഗ്ഗരേഖ പ്രകാരം ഗുണഭോക്തൃസമിതിയുടെ പണമിടപ്പാടുകൾ ചെയർമാന്റെയും കൺവീനറുടെയും പേരിലുള്ള സംയുക്ത ബാങ്ക് അക്കൗണ്ട് വഴി ആയിരിക്കണം. എന്നാൽ ഓഡിറ്റിന് സമർപ്പിച്ച ഗുണഭോക്തൃസമിതി വർക്കുകളുടെ ഫയലുകളിൽ ഒന്നും ക്ളോസ് ചെയ്ത ബാങ്ക് പാസ്സ് ബുക്കില്ല. ചെലവുകൾ ചെക്ക് മുഖേനയല്ല നടത്തിയിട്ടുള്ളതും.

4. വരവ് ചെലവ് കണക്ക് പുസ്തകം എഴുതി സൂക്ഷിച്ചിട്ടില്ല.

5. ദൈനംദിന ഡയറി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ന്യൂനതകൾ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ നൽകാനുണ്ടെങ്കിൽ ആയതും വിശദീകരണവും ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന്( 18/15-16, തീയ്യതി 16/12/2016) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-3 എസ്റ്റിമേറ്റിൽ നിന്നും വ്യതിചലനം - എസ്റ്റിമേറ്റിൽ

## ഉള്ളതിലും അധികവീതിയിൽ കോൺക്രീറ്റ് ചെയ്ത് അംഗീകരിച്ചതിനാൽ ഗ്രാമപഞ്ചായത്തിന് നഷ്ടം.

അസി. എഞ്ചിനിയർ നടപ്പിലാക്കിയ താഴെ പറയുന്ന റോഡ്/നടപ്പാത കോൺക്രീറ്റ് പ്രവൃത്തികളിൽ എസ്റ്റിമേറ്റിൽ ഉള്ളതിലും അധികവീതിയിൽ കോൺക്രീറ്റ് ചെയ്തിട്ടുണ്ട്.

I)

| പ്രോജക്ടിന്റെ വിശദാംശങ്ങൾ | |
|---|---|
| പ്രോജക്ട് നമ്പർ | എസ്0184/16 |
| പ്രോജക്ടിന്റെ പേര് | കോട്ടത്തറ കാക്കഞ്ചാൽ റോഡ് കോൺക്രീറ്റ് |
| അടങ്കൽ | 322000/- രൂപ, (സംരക്ഷണ ഗ്രാന്റ് റോഡ്) |
| ചെലവ് | 322000/- രൂപ (ട്രഷറി ബിൽ നം. 30/15-16/17.02.2016) |
| സാങ്കേതിക അനുമതി നമ്പർ | ലഭ്യമല്ല |
| അളവ് പുസ്തകം | 16/15-16 (പേജുകൾ 01-08) |
| കരാറുകാരൻ | സെക്രട്ടറി ,കൽപ്പറ്റ ലേബർ കോൺട്രാക്ട് സൊസൈറ്റി |
| കരാർ നമ്പർ | 49/2015-16 , 30.12.2015 |
| പ്രവൃത്തി മൂല്യം | 322000/- |

എസ്റ്റിമേറ്റ് പ്രകാരം 2.80 മീറ്റർ വീതിയിലും 99.30 മീറ്റർ നീളത്തിലുമാണ് കോൺക്രീറ്റ് ചെയ്യേണ്ടിയിരുന്നത്.

അധികവീതിയിൽ കോൺക്രീറ്റ് ചെയ്തിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്രമ നമ്പർ | കോൺക്രീറ്റ് ചെയ്തതിന്റെ നീളം( മീറ്ററിൽ) | 1:4:8 സിമന്റ് കോൺക്രീറ്റ് ചെയ്തതിന്റെ വീതി ( മീറ്ററിൽ) | 1:2:4 സിമന്റ് കോൺക്രീറ്റ് ചെയ്തതിന്റെ വീതി ( മീറ്ററിൽ) |
|---|---|---|---|
| 1 | 5.8 (7.20 + 4.40)<br>2 | 3 (0.2 അധികം) | 3 (0.2 അധികം) |
| 2 | 5 | 3.7 (0.9 അധികം) | 3.7 (0.9 അധികം) |
| 3 | 85 | 3.05 (0.25 അധികം) | 3 (0.2 അധികം) |
| ആകെ | 95.8 | - | - |

അധികവീതിയിൽ റോഡ് കോൺക്രീറ്റ് ചെയ്തത് മൂലം ഗ്രാമപഞ്ചായത്തിന് ഉണ്ടായ നഷ്ടത്തിന്റെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | കോൺക്രീറ്റ് ചെയ്തതിന്റെ നീളം ( മീറ്ററിൽ) | 1:4:8 സിമന്റ് കോൺക്രീറ്റ് അധിക വീതിയിൽ ചെയ്തത് മൂലമുണ്ടായ നഷ്ടം | 1:2:4 സിമന്റ് കോൺക്രീറ്റ് അധിക വീതിയിൽ ചെയ്തത് മൂലമുണ്ടായ നഷ്ടം |
|---|---|---|---|
| 1 | 5.8<br>(7.20 + 4.40)<br>2 | 670<br>(5.8 x 0.2 x 0.10 x 5776.01) | 538.28<br>(5.8 x 0.2 x 0.06 x 7734.03) |
| 2 | 5 | 2599.20<br>(5 x 0.9 x 0.10 x 5776.01) | 2436.22<br>(5 x 0.9 x 0.07x 7734.03) |
| 3 | 85 | 12274.02 (85 x 0.25 x 0.10 x 5776.01) | 9203.50<br>(85 x 0.2 x 0.07 x 7734.03) |
| ആകെ | 95.8 | 15543.22 | 12178 |

ഗ്രാമപഞ്ചായത്തിന് ആകെ നഷ്ടം 27721/-രൂപ (15543 + 12178 ) ഉത്തരവാദിയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

II)

| പ്രോജക്ടിന്റെ വിശദാംശങ്ങൾ | |
|---|---|
| പ്രോജക്ട് നമ്പർ | എസ്0091/16 |
| പ്രോജക്ടിന്റെ പേര് | ആനേരിമുക്കത്ത് നടപ്പാത അഭിവൃത്തിപ്പെടുത്തൽ |
| അടങ്കൽ | 351000/- രൂപ, (വികസന ഫണ്ട്(ടി.എസ്.പി.)) |
| ചെലവ് | 262781/- രൂപ (ട്രഷറി ബിൽ നം. 25/15-16/21.01.2016) |
| സാങ്കേതിക അനുമതി നമ്പർ | 569/15-16, 30.08.2015 |
| അളവ് പുസ്തകം | 13/15-16 (പേജുകൾ 01-09) |
| കരാറുകാരൻ | ശ്രീ. അബ്ദുൾ ബാരി വി.പി. |
| കരാർ നമ്പർ | 06/2015-16, 15.09.2015 |
| പ്രവൃത്തി മൂല്യം | 262781/- |

എസ്റ്റിമേറ്റ് പ്രകാരം 2.70 മീറ്റർ വീതിയിലും 110.50 മീറ്റർ നീളത്തിലുമാണ് കോൺക്രീറ്റ്

ചെയ്യേണ്ടിയിരുന്നത്.

അധിക വീതിയിൽ കോൺക്രീറ്റ് ചെയ്യതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| കോൺക്രീറ്റ് ചെയ്യതിന്റെ നീളം( മീറ്ററിൽ) | 1:4:8 സിമന്റ് കോൺക്രീറ്റ് ചെയ്യതിന്റെ വീതി ( മീറ്ററിൽ) | 1:2:4 സിമന്റ് കോൺക്രീറ്റ് ചെയ്യതിന്റെ വീതി (മീറ്ററിൽ) |
|---|---|---|
| 104 | 2.90 (0.2 അധികം) | 2.90 (0.2 അധികം) |

09.12.2016 - ന് നടത്തിയ സ്ഥലപരിശോധന ആനേരിമുക്കത്ത് നടപ്പാതയുടെ പല ഭാഗങ്ങളിൽ വിള്ളൽ വന്നതായി കാണുകയുണ്ടായി. 20 എം.എം. കല്ല് ഉപയോഗിച്ചുള്ള 1:2:4 സിമന്റ് കോൺക്രീറ്റിന്റെ പലയിടങ്ങളിലും കല്ല് ഇളകിപോയിട്ടുമുണ്ട്.

അധികവീതിയിൽ റോഡ് കോൺക്രീറ്റ് ചെയ്യത് മൂലം ഗ്രാമപഞ്ചായത്തിന് ഉണ്ടായ നഷ്ടത്തിന്റെ വിവരം താഴെ കൊടുക്കുന്നു.

| കോൺക്രീറ്റ് ചെയ്യതിന്റെ നീളം( മീറ്ററിൽ) | 1:4:8 സിമന്റ് കോൺക്രീറ്റ് അധിക വീതിയിൽ ചെയ്യത് മൂലമുണ്ടായ നഷ്ടം | 1:2:4 സിമന്റ് കോൺക്രീറ്റ് അധിക വീതിയിൽ ചെയ്യത് മൂലമുണ്ടായ നഷ്ടം |
|---|---|---|
| 104 | 12014.10 (104 x 0.2 x 0.10 x 5776.01) | 16086.78<br>(104 x 0.2 x 0.10 x 7734.03) |

ഗ്രാമപഞ്ചായത്തിന് ആകെ നഷ്ടം 28100/-രൂപ (12014.10 + 16086.78) ഉത്തരവാദിയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

എസ്റ്റിമേറ്റിൽ ഉള്ളതിലും അധികവീതിയിൽ കോൺക്രീറ്റ് ചെയ്യതിനും പെർഫോർമൻസ് ഗ്യാരണ്ടി കാലയലവിൽ ആനേരിമുക്കത്ത് നടപ്പാത കോൺക്രീറ്റ് കേട് സംഭവിച്ചതിനാൽ കരാറുകാരന്റെ ചെലവിൽ അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കാത്തതിനും മെറ്റലിംഗ് ടാറിംഗ് എന്നിവ നടത്താനാവുമായിരുന്ന റോഡുകളിൽ കോൺക്രീറ്റ് ചെയ്യതിനും (ടാറിംഗ് സാധ്യമല്ലാത്ത രീതിയിലുള്ള വെള്ളകെട്ടോ, ഉയർന്ന ഗ്രേഡിയന്റോ അല്ലാത്ത റോഡുകൾ) അധിക വിവരങ്ങൾ നൽകാനുണ്ടെങ്കിൽ ആയതും വിശദീകരണവും ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന്( 08/15-16, തീയ്യതി 14/12/2016) മറുപടി ലഭ്യമാക്കിയിട്ടില്ല. ആനേരിമുക്കത്ത് നടപ്പാത കോൺക്രീറ്റ് തകർന്നനിലയിലായതിനാൽ മേൽ ഖണ്ഡികയിൽ നിരാകരിച്ചതിന്റെ ബാക്കി ചെലവ് തുകയായ234681/-രൂപ (262781 - 28100) ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. കരാറുകാരനെ കൊണ്ട് നടപ്പാതയുടെ കേടുപാടുകൾ തീർത്ത് അറിയിക്കേണ്ടതാണ്.

## 3-4 റോഡ് സംരക്ഷണ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു.

ഗ്രാമപഞ്ചായത്തിന്റെ പല പ്രധാന റോഡുകളും യഥാസമയം അറ്റകുറ്റ പണികൾ നടത്താത്തതിനാൽ ഗതാഗത യോഗ്യമല്ലാത്ത അവസ്ഥയിലുള്ളപ്പോൾ റോഡ് സംരക്ഷണ ഗ്രാന്റ് വകമാറ്റി മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിംഗ് തുടങ്ങിയ പ്രവൃത്തികൾ ചെയ്യുന്നതിന്

വിനിയോഗിച്ചിട്ടുണ്ട്. 20 റോഡുകൾക്കായി 65,97,789/-രൂപ ഇത്തരത്തിൽ വകമാറ്റി ചെലവഴിച്ചു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./പേര് | റോഡ് സംരക്ഷണ ഗ്രാന്റ് ചെലവ് തുക | ട്രഷറി ബിൽ നം./തീയതി |
|---|---|---|---|
| 1 | എസ്. 0075/16, കുഴിവയൽ മാവുകണ്ടി റോഡ് മെറ്റലിംഗ് ടാറിംഗ് | 404998 | 64/19.03.16 |
| 2 | എസ്. 0052/16, നടുക്കുനി ഈരംകൊല്ലി റോഡ് ടാറിംഗ് | 380000 | 99/31.03.16 |
| 3 | എസ്. 0147/16, പൂളക്കൊല്ലി വണ്ടിയാമ്പറ്റ റോഡ് കോൺക്രീറ്റ് | 534100 | 97/31.03.16 |
| 4 | എസ്. 0026/16, കോഴവയൽ ഏച്ചോം റോഡ് ടാറിംഗ് | 470813 | 74/30.03.16 |
| 5 | എസ്. 0196/16, നാട്ടുകാണികൊല്ലി റോഡ് കോൺക്രീറ്റ് | 299233 | 81/30.03.16 |
| 6 | എസ്. 0138/16, മാങ്ങാട്ടുകുന്ന് റോഡ് അഭിവൃത്തിപ്പെടുത്തൽ (സോളിംഗ് നടത്തിയിട്ടുള്ള റോഡിൽ ടാറിംഗ് നടത്തുകയാണ് ചെയ്തിട്ടുള്ളത്) | 642330 | 02/27.06.15 |
| 7 | എസ്. 0143/16, ജൂബിലി റോഡ് മെറ്റലിംഗ് ടാറിംഗ് | 158800 | 10/14.07.15 |
| 8 | എസ്. 0141/16, വെണ്ണിയോട് മുട്ടങ്കൽ റോഡ് സോളിംഗ് ടാറിംഗ് | 199366 | 56/11.03.16 |

| | | | |
|---|---|---|---|
| 9 | എസ്. 0022/16, കോളക്കിമൊട്ടംകുന്ന് കോളനി റോഡ് ടാറിംഗ് | 305578 | 35/17.02.16 |
| 10 | എസ്. 0033/16, മൈലാടി അംഗൻവാടി റോഡ് അഭിവൃത്തിപ്പെടുത്തൽ (സോളിംഗ് നടത്തിയിട്ടുള്ള റോഡിൽ ടാറിംഗ് നടത്തുകയാണ് ചെയ്തിട്ടുള്ളത്) | 121652 | 55/11.03.16 |
| 11 | എസ്. 0031/16, വായനശാല പുലിമുണ്ട റോഡ് അഭിവൃത്തിപ്പെടുത്തൽ (സോളിംഗ് നടത്തിയിട്ടുള്ള റോഡിൽ ടാറിംഗ് നടത്തുകയാണ് ചെയ്തിട്ടുള്ളത്) | 11448<br>282552 | 37/17.02.16<br>38/17.02.16 |
| 12 | എസ്. 0035/16, ഔട്ടുപാറ വായനശാല റോഡ് മെറ്റലിംഗ് ടാറിംഗ് | 365913 | 54/11.03.16 |
| 13 | എസ്. 0039/16, ആനേരി അംഗൻവാടി റോഡ് മെറ്റലിംഗ് ടാറിംഗ് | 210497 | 52/11.03.16 |
| 14 | എസ്. 0042/16, കരിംകറ്റി പാലൂക്കര റോഡ് മെറ്റലിംഗ് ടാറിംഗ് | 299070 | 51/11.03.16 |
| 15 | എസ്. 0073/16, വൈപ്പാടി മദ്രസ റോഡ് മെറ്റലിംഗ് ടാറിംഗ് | 263756 | 87/31.03.16 |
| 16 | എസ്. 0078/16, മെച്ചന പുഴക്കലിടം റോഡ് ടാറിംഗ് | 787054 | 85/31.03.16 |
| 17 | എസ്. 0055/16, വീട്ടിയേരി കരിഞ്ഞകുന്ന് റോഡ് അഭിവൃത്തിപ്പെടുത്തൽ (സോളിംഗ് നടത്തിയിട്ടുള്ള റോഡിൽ ടാറിംഗ് നടത്തുകയാണ് ചെയ്തിട്ടുള്ളത്) | 320579 | 83/31.03.16 |
| 18 | എസ്. 0064/16, കുഴിവയൽ വാളൽ റോഡ് | 98993 | 78/30.03.16 |

| | | | |
|---|---|---|---|
| | മെറ്റലിംഗ് ടാറിംഗ് | | |
| 19 | എസ്. 0065/16, വൈപ്പാടി പുതുക്കാവടി റോഡ് മെറ്റലിംഗ് ടാറിംഗ് | 73987 | 77/30.03.16 |
| 20 | എസ്. 0065/16, പി.എച്ച്.സി. കല്ലുമൊട്ടംകുന്ന് റോഡ് മെറ്റലിംഗ് ടാറിംഗ് | 367070 | 72/30.03.16 |
| | ആകെ | 6597789 | |

സംരക്ഷണ ഗ്രാന്റ് (റോഡ്) ഉപയോഗിച്ച് റോഡുകളുടെ അറ്റകുറ്റ പണിയാണ് നടത്തേണ്ടത്. അറ്റകുറ്റ പണികൾ നടത്തിയതിന് ശേഷവും സംരക്ഷണ ഗ്രാന്റ് (റോഡ്) ബാക്കിയുണ്ടങ്കിൽ മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിംഗ് തുടങ്ങിയ പ്രവൃത്തികൾ നടത്താവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ റോഡുകളിൽ ഒന്നും അറ്റകുറ്റ പണികൾ ആവശ്യമില്ലെന്ന് ഭരണസമിതി ഏകകണ്ഠമായ തീരുമാനം എടുത്തതിന് ശേഷമായിരിക്കണം മറ്റ് നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്നത്. (സർക്കുലർ നം. 68228/FM1/2012/LSGD, 28.11.2012 കാണുക).

സംരക്ഷണ ഗ്രാന്റ് (റോഡ്) വകമാറ്റി ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് ( 14/15-16, തീയ്യതി 16/12/2016) മറുപടി ലഭ്യമാക്കിയിട്ടില്ല. ആകെ ചെലവ് തുക 6487374/-രൂപ [6597789 - (17297 + 3600 + 62280 + 27238), മേൽ പട്ടികയിലെ ക്രമ നമ്പർ 1 മുതൽ 4വരെയുള്ള ചെലവ് തുകകളിൽ യഥാക്രമം ഖണ്ഡിക 3-1(2), 3-1(3), 3-1(6), 3-1(2), 3-2(1) എന്നിവ പ്രകാരം നിരാകരിച്ച തുക കഴിച്ചുള്ള തുക] ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-5 വാർഷിക പദ്ധതി കണക്കുകൾ പൂർണ്ണമല്ല.

ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ താഴെ പറയുന്ന വികസന പ്രവൃത്തികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല

| ക്രമ നം. | പ്രോജക്ടിന്റെ പേര് | ഫണ്ട് ഇനം | ചെലവ്/വൗച്ചർ നമ്പർ (അസി. എഞ്ചിനിയറുടെ കാഷ് ബുക്ക്) |
|---|---|---|---|
| 1 | വലിയകുന്ന് എസ്.സി. കോളനി സൈഡ് സംരക്ഷണം | BRGF | 148709/-രൂപ, 17-08/15, 20.08.2015 |
| 2 | കുറുമ്പാലകോട്ട അംഗൻവാടി നിർമ്മാണം | BRGF | 550000/-രൂപ, 80-04/15, 07.04.2015 |

| | | | |
|---|---|---|---|
| 3 | കുറുവയൽ അംഗൻവാടി നിർമ്മാണം | BRGF | 550000/-രൂപ, 79-04/15, 07.04.2015 |

പദ്ധതി മാർഗ്ഗരേഖ (ജി.ഒ.(എം.എസ്)362/2013/ത.സ്വ.ഭ.വ, 16.11.2013) ഖണ്ഡിക 4.3 പ്രകാരം ഒരു തദ്ദേശ സ്ഥാപനം അതിന്റെ പ്രദേശത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന എല്ലാ വികസന പ്രവർത്തനങ്ങളും (വിഭവ സ്രോതസ്സ് ഏതുതന്നെ ആയാലും) പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇതിനു പുറമേ പ്രോജക്ട് നമ്പർ എസ്. 0140/16, പ്രകാരം നടപ്പിലാക്കിയ കരിഞ്ഞകുന്ന് വനിത സമുച്ചയം പൂർത്തികരണം എന്ന പ്രോജക്ടിന്റെ ചെലവ് 983810/-രൂപ (വൗച്ചർ നമ്പർ: 22-12/15, 17.12.2015) വാർഷിക പദ്ധതി കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. വാർഷിക പദ്ധതി കണക്കുകളിലെ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 3-6 മരുന്ന് വിതരണത്തിന് കാലതാമസം വരുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ,അലോപ്പതി

പ്രൊജക്ട് നമ്പർ - എസ്.0093/16

പ്രൊജക്ട് - പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ - 75,000/- ( സംരക്ഷണ ഗ്രാന്റ് - റോഡിതരം )

ചെലവ് - 75,000/(10/15-16/10.02.2016)

പ്രൊജക്ട് നമ്പർ - എസ്.0097/16

പ്രൊജക്ട് - പാലിയേറ്റീവ് കെയർ പദ്ധതി ( എസ് 0097)

ചെലവ് - 78,000/- ( ഡി.ഡി നം .164902/18.02.2016 )

2015-16 വർഷത്തിൽ കോട്ടത്തറ ഗ്രാമപഞ്ചായത്തിൽ മെഡിക്കൽ ഓഫീസർ,(അലോപ്പതി) നടപ്പിലാക്കിയ പെയിൻ & പാലിയേറ്റീവ് കെയർ പദ്ധതിയിൽ 78,000/ (ഡി.ഡി നം .165874/28.03.2016 ) രൂപയുടെ മരുന്നും, പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ പദ്ധതിയിൽ 75,000/ ( ഡി.ഡി നം .164902/18.02.2016 )രൂപയുടെ മരുന്നും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്ന് വാങ്ങുന്നതിന് തുക കൈമാറി . പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ പദ്ധതിയിൽ 41810/- രൂപയുടെ മരുന്നും പെയിൻ & പാലിയേറ്റീവ് കെയർ പദ്ധതിയിൽ 67000/- രൂപയുടെ മരുന്നും മാത്രമേ ഓഡിറ്റ് കാലയളവു വരെ വിതരണം ചെയ്തിട്ടുള്ളൂ. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു .

| പദ്ധതിയുടെ പേര് | വിതരണം ചെയ്ത മരുന്നിന്റെ ഇൻവോയിസ് നമ്പർ/തീയതി | മരുന്നിന്റെ വില |
|---|---|---|
| പി.എച്ച്.സിക്ക് മരുന്ന് | 193/20.04.2016 | 10644 |

| | | |
|---|---|---|
| വാങ്ങൽ | 3918/22.10.2016 | 31166 |
| | ആകെ | 41810/- |
| പെയിൻ & പാലിയേറ്റീവ് | 331/21.04.2016 | 17392 |
| | 1685/29.06.2016 | 39650 |
| | 3919/22.10.2016 | 9958 |
| | ആകെ | 67000/- |

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻലിമിറ്റഡുമായി മരുന്ന് വിതരണം സംബന്ധിച്ച് കരാർ വെച്ചിട്ടില്ല . പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ പദ്ധതിയിൽ 33,190/- രൂപയുടെ മരുന്നും പെയിൻ & പാലിയേറ്റീവ് കെയർ പദ്ധതിയിൽ 11,000/- രൂപയുടെ മരുന്നും വിതരണം ചെയ്തിട്ടില്ല .

മരുന്ന് ലഭ്യമായതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 44190/- രൂപ തടസ്സത്തിൽ വെക്കുന്നു .

## 3-7 അങ്കണവാടിയിലെ പോഷകാഹാര വിതരണ പദ്ധതികൾ -കേന്ദ്ര വിഹിതം ലഭ്യമാക്കുന്നതിലെ കുറവ്- സംബന്ധിച്ച്.

ഐ.സി.ഡി.എസ്. സൂപ്പർവൈസർ താഴെ പറയുന്ന പ്രകാരം അങ്കണവാടിയിലെ പോഷകാഹാര വിതരണത്തിനായി ഫണ്ട് വിനിയോഗിച്ചിട്ടുണ്ട്.

അംങ്കണവാടി പോഷകാഹാരം (ജനറൽ)

| ക്രമനമ്പർ | ട്രഷറി ബിൽ നമ്പർ, തീയതി | തുക | അംഗൻവാടി പോഷകാഹാരം | കൗമാരക്കുട്ടികൾ |
|---|---|---|---|---|
| 1 | 1/2015-16 13-07-15 | 200000 | 175296 | 24704 |
| 2 | 4/2016 30-09-15 | 21735 | 21735 | - |
| 3 | 5/2016 15/12/15 | 377779 | 227779 | 150000 |

| | | | | |
|---|---|---|---|---|
| 4 | 8/2016 17-02-16 | 247985 | 247985 | - |
| 5 | 11/2016 26-02-16 | 310835 | 223310 | 87525 |
| 6 | 12/2016 31/03/16 | 41664 | 41664 | |
| 7 | Central Share | 173449 | 173449 | |
| ആകെ | | 1373447 | 1111218 | 262229 |

50% കേന്ദ്ര വിഹിതം = 11,11,218x 50% = 555609/-രൂപ.

അങ്കണവാടി പോഷകാഹാരം (ടി എസ് പി)

| ക്രമനമ്പർ | ട്രഷറി ബിൽ നമ്പർ, തീയതി | തുക | അംഗൻവാടി പോഷകാഹാരം | കൗമാരക്കുട്ടികൾ |
|---|---|---|---|---|
| 1 | 3/2016 26-08-15 | 315293 | 195293 | 120000 |
| 2 | 6/2016 15-12-15 | 255150 | 255150 | - |
| 3 | 7/201 19/02/16 | 429557 | 229557 | 200000 |
| 4 | 10/2016 25-02-16 | 98390 | 98390 | - |
| 5 | 13/2016 31-03-16 | 101610 | 5475 | 96135 |
| ആകെ | | 1200000 | 783865 | 416135 |

50% കേന്ദ്ര വിഹിതം= 783865x 50%=391933/-രൂപ.

ഐ.സി.ഡി.എസ്. സൂപ്പർവൈസർ ഓഡിറ്റിന് തയ്യാറാക്കി സമർപ്പിച്ച പട്ടിക പ്രകാരം മേൽ ആകെ ചെലവ് (13,73,447+1200000=) 25,73,447/- രൂപയിൽ 18,95,083/- രൂപ അങ്കണവാടിയിലെ കുട്ടികൾക്കായുള്ള പോഷകാഹാര വിതരണത്തിനും, 678364രൂപ കൗമാരക്കാർക്കായുള്ള പോഷകാഹാര വിതരണത്തിനുമാണ് ചെലവഴിച്ചിട്ടുള്ളത്. ഓഡിറ്റിന് നേരിൽ നല്കിയ വിശദീകരണം പ്രകാരം അങ്കണവാടിയിലെ കുട്ടികൾക്കായുള്ള പോഷകാഹാര

വിതരണപദ്ധതികളുടെ 50% കേന്ദ്ര വിഹിതമാണെന്നാണ് അറിയിച്ചത്. അതനുസരിച്ച് 18,95,083 രൂപയുടെ 50% തുകയായ 947542/- രൂപ കേന്ദ്ര വിഹിതമായി ലഭിക്കേണ്ടതുണ്ട്. എന്നാൽ 173449/- രൂപയാണ് ലഭിച്ചതായും ചെലവഴിച്ചതായും ഓഡിറ്റിന് നൽകിയ കണക്കുകളിൽ നിന്നും വ്യക്തമാകുന്നുള്ളു. ബാക്കി തുക ലഭിച്ചിട്ടുണ്ടെങ്കിൽ വിശദവിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കണം. മുൻവർഷങ്ങളിൽ കേന്ദ്ര വിഹിതം ലഭിക്കുന്നതിൽ കുറവുണ്ടായിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്. ബാക്കി തുക ലഭിച്ചിട്ടില്ലെങ്കിൽ ആയത് ലഭിക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദീകരണവും ആവശ്യമായ രേഖകളും ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 01 /2015-16/ 08.12.2016) തൃപ്തികരമായ മറുപടി നല്കിയിട്ടില്ല. രേഖകൾ പരിശോധിച്ച് പഞ്ചായ ത്തിന് കിട്ടേണ്ട തുക തിരികെ ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം, തൻവർഷത്തെ ചെലവിൽ ഇനിയും ലഭിക്കാനുള്ള തുക (947542 - 173449 =) 774093/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 3-8 ജലനിധി വിഹിതം നല്കി -പദ്ധതി പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല.

സെക്രട്ടറി താഴെപ്പറയുന്ന പ്രോജക്ടുകൾ പ്രകാരം ജലനിധി പദ്ധതിക്ക് വിഹിതം നല്കി.

ട്രഷറി ബിൽ നം. - 5/15-16/11.8.15 658236/-രൂപ (ടി.എസ്സ്.പി.)

ട്രഷറി ബിൽ നം. - 6/15-16/11.8.15 471100/-രൂപ (ജനറൽ.)

ട്രഷറി ബിൽ നം. - 7/15-16/11.8.15 300000/-രൂപ (ജനറൽ.)

ആകെ - 1429336/-

ജലനിധിയിൽ എത്ര പദ്ധതികളുണ്ടെന്നും അവ പൂർത്തീകരിച്ചുവോയെന്നും പൂർത്തീകരിച്ചിട്ടില്ലെങ്കിൽ ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കണമെന്നും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 05 /2015-16/ 14.12.2016)നല്കിയ മറുപടിയിൽ ആകെ അഞ്ച് പദ്ധതികൾ ഉള്ളതിൽ മൂന്ന് പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും പ്രധാനപ്പെട്ട രണ്ട് പ്രവൃത്തികൾ പുരോഗമിക്കുകയാണെന്നും അറിയിച്ചു. പ്രവൃത്തികൾ ഇനിയും പൂർത്തീകരിക്കാൻ അവശേഷിക്കുന്നതിനാൽ 1429336/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 3-9 മീഡിയാശ്രീ-പഞ്ചായത്ത് വിഹിതം നല്കി-കൈപ്പറ്റിലെ അപാകത - സംബന്ധിച്ച്.

സെക്രട്ടറി 2015-16 വർഷത്തിൽ പ്രോജക്ട് നം. 117/16 പ്രകാരം 60000/- രൂപ (ട്രഷറി ബിൽ നം. 10/2015-16, 11.08.2015)മീഡിയാശ്രീ പദ്ധതിയിൽ പഞ്ചായത്ത് വിഹിതം നല്കിയിട്ടുണ്ട്. തുക കൈപ്പറ്റിയതായി ഫയലിലുള്ള രേഖ കുടുബശ്രീ ജില്ലാ മിഷൻ ഓഫീസിന്റേതായി സാധാരണ പേപ്പറിലുള്ള കൈപ്പറ്റാണ്, ഔദ്യോഗിക രസീത് ലഭിച്ചിട്ടില്ല. അതിനാൽ തുക കൈപ്പറ്റിയ സ്ഥാപനത്തിന്റെ കണക്കുകളിൽ വരവ് വെച്ചിട്ടുണ്ടോ എന്ന് ഉറപ്പിക്കാനാകുന്നില്ല. കൈപ്പറ്റുന്ന

സ്ഥാപനത്തിന്റെ ഔദ്യോഗിക രസീത് വാങ്ങാത്തതിനാൽ 60000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 3-10 സ്റ്റോക്ക് രജിസ്റ്റർ യഥവിധി സൂക്ഷിക്കാത്തത് - സംബന്ധിച്ച്.

സെക്രട്ടറി 2015-16 വർഷത്തിൽ പ്രോജക്ട് നം. 115/16 പ്രകാരം 263591/- രൂപ ചെലവിൽ (ബിൽ നം. 40/15-16, 31.03.2016) സേവാഗ്രാമ കേന്ദ്രങ്ങൾക്ക് ഫർണ്ണിച്ചറുകളും , പ്രോജക്ട് നം. 116/16 പ്രകാരം14980/- രൂപ ചെലവിൽ (ബിൽ നം. 33/15-16, 31.03.2016) വെറ്റിനറി ഡിസ്പൻസറിക്ക് പ്രിന്റർ എന്നിവ വാങ്ങിയിട്ടുണ്ട്. വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിൽ എടുത്തത് പരിശോധന നടത്തിയതിൽ, ഗ്രാമപഞ്ചായത്ത് സ്റ്റോക്ക് രജിസ്റ്റർ യഥാവിധി സൂക്ഷിച്ചിട്ടില്ല എന്ന് കാണുകയുണ്ടായി. സ്റ്റോക്ക് രജിസ്റ്ററിൽ ഇൻഡക്സ് നൽകി ഇനം തിരിച്ച് സാധനങ്ങൾ സ്റ്റോക്കിൽ എടുക്കുന്നില്ല. അതിനാൽ ഗ്രാമപഞ്ചായത്തിന്റെ സ്റ്റോക്കിലുള്ള സാധനങ്ങളുടെ കൃത്യമായ വിവരം ലഭ്യമല്ല. അക്കൌണ്ട് ചട്ടങ്ങളിലെ ചട്ടം 58(4)(ബി) അനുസരിച്ച് വർഷാവസാനം സ്റ്റോക്കിന്റെ ഭൌതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തൽ വരുത്തുന്നുമില്ല. കൈമാറികിട്ടിയ സ്ഥപനങ്ങളിലെ ഫർണിച്ചറിന്റെയും മറ്റ് ഉപകരണങ്ങളുടെയും കണക്കുകൾ ലഭ്യമല്ല. ആയതിനാൽ തന്നെ ഇവ ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസറ്ററിൽ (മൂവബ്ൾ അസറ്റ്സ്) ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമല്ല. 24.09.2010 -ലെ സർക്കാർ സർക്കുലർ നം. 86/2010/ഫിൻ അനുസരിച്ച് കമ്പ്യൂട്ടർ ഹാർഡ് വെയറിനും, സോഫ്റ്റ് വെയറിനും പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണമെന്ന് നിർദ്ദേശമുണ്ടെങ്കിലും സോഫ്റ്റ് വെയറിന് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

മേൽ പറഞ്ഞ ന്യൂനതകൾ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ നൽകാനുണ്ടെങ്കിൽ ആയതും വിശദീകരണവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 04/2015-16/ 14.12.2016) ഓഡിറ്റ് എക്സിറ്റ് മീറ്റിംഗിൽ നേരിൽ നല്കിയ മറുപടിയിൽ സ്റ്റോക്ക് രജിസ്റ്റർ പൂർത്തീകരിക്കാൻ നടപടി സ്വകരിച്ചുവരുന്നതായി അറിയിച്ചു. പൂർത്തീകരണ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് (263591 + 14980) =278571/-രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-11 കോക്കുഴി നീർത്തട വികസന പദ്ധതി - മുൻകൂർ നല്കിയ വിഹിതം- പഞ്ചായത്തിന് നഷ്ടമാകുന്നത് - സംബന്ധിച്ച്.

പശ്ചിമഘട്ട വികസന പദ്ധതി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ പദ്ധതി ചെലവ് പ്രകാരം കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ പശ്ചിമഘട്ട വികസന പദ്ധതി-(പ്രോജക്ട് നം. എസ്. 173/16)കോക്കുഴി നീർത്തട വികസന പദ്ധതിക്കായി ആകെ 543700/-രൂപ ചെലവഴിച്ചിട്ടുണ്ട്. ( 'ട്രഷറി ബിൽ നം.2/5.10.15 പ്രകാരം 43700/- രൂപയും ട്രഷറി ബിൽ നം.4/29.1.16 പ്രകാരം 5,00,000/-രൂപയും)

ഓഡിറ്റിന് കൃഷി ഓഫീസർ നല്കിയ മറുപടിയിൽ പദ്ധതി അവസാപ്പിച്ചതായി ജില്ലാ കളക്ടറുടെ ഓഫീസിൽ നിന്നും നിർദ്ദേശം ലഭിച്ചുവെന്നും പശ്ചിമഘട്ട വികസന പദ്ധതി വിഹിതം തിരികെ അടച്ചുവെന്നും അറിയിച്ചു. പഞ്ചായത്ത് വിഹിതമായ 263117/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ടെന്നും അറിയിച്ചു. ഈ തുക പഞ്ചായത്ത് ഫണ്ടിൽ തിരികെ അടക്കാൻ

നടപടി സ്വീകരിക്കേണ്ടതാണ്. നീർത്തട വികസന സമിതിയുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന മേൽ തുക 263117/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

തിരികെ ലഭിച്ചാലും ഈ തുക സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കേണ്ടി വരുന്നു. മുൻകൂട്ടി മുഴുവൻ തുകയും അടക്കുന്നതിനാൽ പഞ്ചായത്തിന് ഈ തുക വിനിയോഗിക്കാനാകാതെ തിരിച്ചടക്കേണ്ടി വരുന്നുണ്ട്. ഇപ്രകാരം ഫണ്ട് പാഴാകുന്ന സാഹചര്യം ഒഴിവാക്കാൻ ഭാവിയിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-12 നെൽ കൃഷി പ്രോത്സാഹനം, നെല്ലുൽപ്പാദക ബോണസ്സ് - ധനസഹായം ഗുണ. അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തവിവരം ലഭ്യമല്ല -

താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം നെൽ കൃഷി പ്രോത്സാഹനം, നെല്ലുൽപ്പാദക ബോണസ്സ് എന്നീയിനങ്ങളിൽ കൃഷി ഓഫീസർ തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം നല്കിയ ധനസഹായം ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത വിവരം ഫയലിൽ ലഭ്യമല്ല.

1- ട്രഷറി ബിൽ നം.1/15-16/18.9.15 24000/- നെല്ലുൽപ്പാദക ബോണസ്സ്.

2- ട്രഷറി ബിൽ നം.3/15-16/29.1.16 285,000/- നെല്ലുൽപ്പാദക ബോണസ്സ്.

3-ട്രഷറി ബിൽ നം.7/15-16/30.3.16 39000/- നെല്ലുൽപ്പാദക ബോണസ്സ്.

4 ട്രഷറി ബിൽ നം.8/15-16/30.3.16 15000/- നെല്ലുൽപ്പാദക ബോണസ്സ്.

5-ട്രഷറി ബിൽ നം.5/15-16/17.2.16 600,000/- നെൽ കൃഷി പ്രോത്സാഹനം

കൂലിച്ചെലവ്.(പ്രോജക്റ്റ് നം. എസ്. 67/16)

ആകെ -963000/-

അപാകതകൾ സംബന്ധിച്ച് വിശദീകരണവും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 03/2015-16/ 01.12.2016) രേഖാമൂലം മറുപടിയൊന്നും നല്കിയിട്ടില്ല.എന്നാൽ ബാങ്കിൽ ആവശ്യപ്പെട്ടിട്ടും രേഖകൾ നല്കിയിട്ടില്ല എന്ന് ഓഡിറ്റ് എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചു. ധനസഹായം ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത വിവരം ഇല്ലാത്തതിനാൽ ചെലവഴിച്ച തുക 963000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

ബി)ബ്ലോക്ക് - ജില്ലാപഞ്ചായത്തുകളുടെ വിഹിതം ലഭ്യമാകുന്നില്ല.

മേൽ ക്രമനം.5 ൽ പരാമർശിക്കുന്ന നെൽ കൃഷി കൂലിച്ചെലവ്(പ്രോജക്റ്റ് നം. എസ്. 67/16) പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 150000/- രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമായി 252000/- രൂപയും വകയിരുത്തിയതായി വാർഷിക പദ്ധതി ചെലവ് കണക്കുകളിൽ കാണിച്ചിട്ടുണ്ടെങ്കിലും ഈയിനങ്ങളിൽ തുകയൊന്നും ചെലവുള്ളതായി കാണുന്നില്ല. അപാകങ്ങൾ വിശദീകരിക്കേണ്ടതാണ്.

## 3-13 വൃദ്ധജനങ്ങൾക്ക് തടിക്കട്ടിൽ വിതരണം- അപാകതകൾ

പ്രൊജക്റ്റ് നം.108/16 പ്രകാരം പട്ടികവർഗ്ഗ ഉപപദ്ധതിയിൽ വൃദ്ധജനങ്ങൾക്ക് തടിക്കട്ടിൽ വിതരണത്തിനായി പദ്ധതി ആവിഷ്കരിക്കുകയും ട്രഷറി ബിൽ നം .06/15-16/29.3.16 പ്രകാരം 534000/-രൂപ പട്ടികവർഗ്ഗ വികസന ഓഫീസർ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

പന്ത്രണ്ടാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ അനുബന്ധം 16 ഖണ്ഡിക 2,3.9 എന്നിവ പ്രകാരം വ്യക്തിഗത ഗുണഭോക്താക്കൾക്ക് ഫർണ്ണിച്ചർ തുടങ്ങിയവ വിതരണം ചെയ്യാവുന്നതല്ല. എന്നാൽ സർക്കാരിന്റെ മുൻകൂർ അനുമതിയോടെ നടപ്പാക്കാവുന്നതുമാണ്.

അപാകതകൾ സംബന്ധിച്ച് വിശദീകരണവും ആവശ്യമായ രേഖകളും ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി (നം. 16/2015-16/ 16.12.2016) മുഖേന ആവശ്യപ്പെട്ടിരുന്നു. പഞ്ചായത്തിലെ

നിർദ്ധനരായ പട്ടികവർഗ്ഗക്കാരായ വൃദ്ധജനങ്ങൾക്കാണ് തടിക്കട്ടിലുകൾ വിതരണം ചെയ്തതെന്നും , പദ്ധതിയിലെ ഗുണഭോക്താക്കളുടെ അവസ്ഥയനുസരിച്ച് അത്യാവശ്യമായിരുന്ന നടപടിയായിരുന്നുവെന്നും ഓഡിറ്റ് എക്സിറ്റ് മീറ്റിംഗിൽ ഭരണ സമിതിയംഗൾ അറിയിച്ചു. എന്നിരുന്നാലും സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതിരുന്ന നടപടി ഉചിതമായില്ല. ഭാവിയിൽ സർക്കാരിന്റെ മുൻകൂർ അനുമതിയോടെ ഇത്തരം പദ്ധതികൾ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-14 ട്രഷറിയിൽ തിരിച്ചടച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല.

ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ പേരിൽ പദ്ധതി നിർവഹണത്തിന് ആരംഭിച്ച എസ്. ബി .ഐ യുടെ കമ്പളക്കാട് ശാഖയിലെ 3005198328 -ാം നമ്പർ അക്കൗണ്ടിൽ നിന്ന് 29.07.2015 ന് പിൻവലിച്ച 207881 രൂപ 29.07.2015 ന് ട്രഷറിയിൽ തിരിച്ചടച്ചത് 2225-02-911-92(p) എന്ന ഹെഡിലാണ് . "ചെലവഴിക്കാതെ ബാക്കി നിൽക്കുന്ന തുക തിരിച്ചടയ്ക്കുന്നു " എന്നാണ് ക്യാഷ് ബുക്കിലും , ചലാനിലും രേഖപ്പെടുത്തിയിരിക്കുന്നത് . എന്നാൽ തുകയുടെ ഫണ്ടിനം ( പ്ലാൻ ഫണ്ട് , മെയിനന്റനസ് ഗ്രാന്റ് മുതലായവ )ഏതാണെന്നോ , ഏത് ബിൽ പ്രകാരം എന്ന് ട്രഷറിയിൽ നിന്ന് പിൻവലിച്ചതാണെന്നോ ഉള്ള രേഖകളോ,വിവരങ്ങളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ജി.ഒ.(പി)നം.177/2006/ധനം/12.4.2006 സർക്കാർ ഉത്തരവ് പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ഫണ്ടുകളുടെ ,സാമ്പത്തിക വർഷത്തിനുശേഷമുള്ള , തിരിച്ചടവ് 3604-00-200-97(05)NP- 911-deduct-recoveries of over payments എന്ന ഹെഡ്ഡിലാണ്. ഉത്തരവ് ഖണ്ഡിക 1.1, 10 എന്നിവ കാണുക. എന്നാൽ തുക 2225-02-911-92(p) എന്ന ഹെഡിൽ ഒടുക്കിയതിന്റെ കാരണം വ്യക്തമല്ല. അപാകങ്ങൾ വിശദീകരിക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/15-16തീയതി 16.12.2016.) മറുപടിയൊന്നും നല്കിയിട്ടില്ല. ഈ സാഹചര്യത്തിൽ 207881 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. തുക യഥാർഥ ഹെഡ്ഡിൽ തിരിച്ചടച്ചു എന്നുറപ്പാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഐ.സി.ഡി.എസ് പ്രൊജക്ട് ഓഫീസ് | 299585 | അങ്കണവാടി പോഷകാഹാരം | 173449 | 126136 |
| ജില്ലാ പഞ്ചായത്ത് | 254940 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം | 254940 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ(സാധാ.)428/ 2010തസ്വഭവ തീയതി: 06.02.2010 | 7000000 | 1407023 | 90000 | | 1317023 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2005-06 ഖ : 3-3 | 2008-09 ഖ : 3.9.6 | ജോലിക്ക് കൂലി ഭക്ഷണം - മുൻകൂർ തുക നൽകി - പ്രവൃത്തി പൂർത്തീകരിച്ചില്ല | അഡ്വാൻസ് തുക വാങ്ങി പണി പൂർത്തീകരിക്കാത്ത കൺവീനർമാർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് ബഹു ജില്ലാ കളക്ടർ, വയനാട് മുമ്പാകെ ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| 2006-07 ഖ : 3-3 | 2009-10 ഖ : 3.7.6 | കുടുംബ ശ്രീ നടപ്പാക്കിയ ആശ്രയ പദ്ധതി -കമ്പ്യൂട്ടർ സ്ഥാപിക്കൽ പ്രയോജനം ചെയ്തിട്ടില്ല | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വിതരണം ചെയ്ത ഇൻഫോ ശ്രീ സിസ്റ്റം & പെരിഫറൽസ് ചെമ്മാട് എന്ന സ്ഥാപനത്തിനെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് ബഹു ജില്ലാ കളക്ടർ, കാസർഗോഡ് മുമ്പാകെ ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 90639975 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 80444752 |
| വരവിനങ്ങളിലുള്ള നഷ്ടം | - |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 256415 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 10299681 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ്ജ് | സർചാർജ്ജ് | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1(1) | | 41376 | ശ്രീ. മുനവർ കെ., അസി. എഞ്ചിനിയർ |
| 3-1(2) | | 17297 | ശ്രീ. മുനവർ കെ., അസി. എഞ്ചിനിയർ |
| 3-1(3) | | 3600 | ശ്രീ. മുനവർ കെ., അസി. എഞ്ചിനിയർ |
| 3-1(4) | | 6500 | ശ്രീ. മുനവർ കെ., അസി. എഞ്ചിനിയർ |
| 3-1(5) | | 8343 | ശ്രീ. മുനവർ കെ., അസി. എഞ്ചിനിയർ |
| 3-1(6) | | 62280 | ശ്രീ. മുനവർ കെ., അസി. എഞ്ചിനിയർ |
| 3-1(7) | | 24745 | ശ്രീ. മുനവർ കെ., അസി. എഞ്ചിനിയർ |
| 3-1(8) | | 3220 | ശ്രീ. മുനവർ കെ., അസി. എഞ്ചിനിയർ |
| 3-2(1)(എ) | | 21515 | ശ്രീ. മുനവർ കെ., അസി. എഞ്ചിനിയർ |
| 3-2(1)(ബി) | | 4998 | ശ്രീ. മുനവർ കെ., അസി. എഞ്ചിനിയർ |
| 3-2(2) | | 6720 | ശ്രീ. മുനവർ കെ., അസി. എഞ്ചിനിയർ |
| 3-3(1) | | 27721 | ശ്രീ. മുനവർ കെ., അസി. എഞ്ചിനിയർ |
| 3-3(2) | | 28100 | ശ്രീ. മുനവർ കെ., അസി. എഞ്ചിനിയർ |
| ആകെ | | 256415 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 6487374 | ശ്രീ. മുനവർ കെ., അസി. എഞ്ചിനിയർ |
| 3-6 | 44190 | ഡോ .അജേഷ് പി.പി., മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| 3-7 | 774093 | ശ്രീമതി. സൈനബ സി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-8 | 1429336 | ശ്രീ ടി . ഡി ജോണി, സെക്രട്ടറി |
| 3-9 | 60000 | ശ്രീ ടി . ഡി ജോണി, സെക്രട്ടറി |
| 3-10 | 278571 | ശ്രീ ശ്രീജിത്ത് കരിങ്ങാളി, സെക്രട്ടറി |

| | | |
|---|---|---|
| 3-11 | 263117 | ശ്രീമതി മറിയുമ്മ, കൃഷി ഓഫീസർ |
| 3-12 | 963000 | ശ്രീമതി. ധന്യ, കൃഷി ഓഫീസർ |
| ആകെ | 10299681 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

| | | |
|---|---|---|
| 3-2(1)(സി) | 725 | ശ്രീ. മുനവർ കെ., അസി. എഞ്ചനിയർ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ.മുനവർ, അസി.എൻജിനീയർ | അസി.എൻജിനീയർ,<br>സുൽത്താൽ ബത്തേരി മുനിസിപാലിറ്റി | നസില മൻസിൽ<br>കാപ്പംകൊല്ലി, മേപ്പാടി, വയനാട് |

# 4-9 <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്ക്സ് |
|---|---|---|
| 1985-86 | എൽ എഫ് (ഡബ്ല്യൂ)പി1-721/08(5) തീയതി 28.7.08 | |
| 1986-87 | എൽ എഫ് (ഡബ്ല്യൂ)പി1-721/08(5) തീയതി 28.7.08 | |
| 1990-91,1991-92 | എൽ എഫ് (ഡബ്ല്യൂ)പി2-101/95 തീയതി 22.10.97 | |
| 1996-97 | എൽ എഫ് (ഡബ്ല്യൂ)പി1-37/07 8.3.07 തീയതി 8.3.07 | |
| 1997-98 | എൽ എഫ് (ഡബ്ല്യൂ)പി3-44/07 തീയതി 7.5.05 | |

| | | |
|---|---|---|
| 1998-99 | എൽ എഫ് (ഡബ്ല്യു)പി1-35/07 തീയതി 28.2.06 | |
| 1999-00 | എൽ എഫ് (ഡബ്ല്യു)പി3-246/01 തീയതി 18.3.01 | |
| 2000-01 | എൽ എഫ് (ഡബ്ല്യു)പി1-528/04 തീയതി 4.5.05 | |
| 2000-01 | എൽ എഫ് (ഡബ്ല്യു)പി3-100/04 തീയതി 13.6.05 | |
| 2001-02 | എൽ എഫ് (ഡബ്ല്യു)പി3-101/04 തീയതി 2.9.04 | |
| 2001-02 | എൽ എഫ് (ഡബ്ല്യു)പി3-525/06 തീയതി 12.3.08 | |
| 2002-03 | എൽ എഫ് (ഡബ്ല്യു)പി3-524/06 തീയതി 13.2.08 | |
| 2003-04 | എൽ എഫ് (ഡബ്ല്യു)പി1-308/07 തീയതി 13.2.08 | |
| 2004-05 | എൽ എഫ് (ഡബ്ല്യു)പി1-222/07 തീയതി 2.4.09 | |
| 2005-06 | എൽ എഫ് (ഡബ്ല്യു)പി1-740/07 തീയതി 11.6.08 | |
| 2006-07 | എൽ എഫ് (ഡബ്ല്യു)പി1-564/09 തീയതി 5.12.09 | |
| 2007-08 | എൽ എഫ് (ഡബ്ല്യു)പി1-669/09 തീയതി 11.1.10 | |
| 2008-09 | എൽ എഫ് (ഡബ്ല്യു)പി1-808/11 തീയതി 31.10.11 | |
| 2009-10,2010-11 | എൽ എഫ് (ഡബ്ല്യു)പി1-570/12 തീയതി 19.9.12 | |
| 2012-13 | എൽ എഫ് (ഡബ്ല്യു)പി4-100/15 തീയതി 21.3.15 | |
| 2013-14 | കെ എസ് എ(ഡബ്ല്യു വൈ സി) പി4-145/16 തിയ്യതി 3.05.16 | |

ഡെപ്യൂട്ടി ഡയറക്ടർ,

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി)പി4-859/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം വയനാട്,
കൽപ്പറ്റ. പിൻ -673121

തിയ്യതി :22/12/2016

Phone- 04936 203672

Email- dowyd.ksad@kerala.gov.in

സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് വകുപ്പ് നിയമത്തിന്റെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും വയനാട് ജില്ലയിലെ കോട്ടത്തറ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കോട്ടത്തറ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്.

AUDIT CERTIFICATE

No. KSA.(WYD)/P4-859/16

Kerala State Audit Department

District Audit Office
Wayanad, Kalpetta-673121

Phone: 04936-203672

Dated.22/12/2016

Email- dowyd.ksad@kerala.gov.in

CERTIFICATE

Certified that I have examined the Annual Financial Statement of Kottathara Grama Panchayat in Wayanad District for the year ended on 31.03.2015 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayath Raj institutions.

In my opinion, the financial statements of Kottathara Gramapanchayat for the year 2014-15 except the observations in My audit report properly presents the picture of income and expenditure.

Deputy Director

District Audit office, Wayanad.